


471

# രാഗലഹരി

JAWAHAR SMARAKA
ARAKUZHI
... ALA

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണ
സംഘം ലിമിററഡ്**

# RAGALAHARI

(DRAMA)

BY

K. NARAYANA KURUP

FIRST IMPRESSION AUGUST 1954

Rights Reserved

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

---

NATIONAL BOOKSTALL

POST BOX 40, KOTTAYAM

As. 12.

# രാഗലഹരി

JAWAHAR SMARAKA ... KIDARAKUZHI

ഗ്രന്ഥകർത്താ:
കമുകറ നാരായണക്കുറുപ്പ്

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില 12 ണ.

കമുകറ നാരായണക്കുറുപ്പിന്റെ

കൃതികൾ

| | |
|---|---|
| നാളത്തെ ലോകം | (കഥകൾ) |
| സ്വപ്നങ്ങൾ | (ഏകാങ്കങ്ങൾ) |
| വിശ്വമോഹിനി | (നാടകം) |
| രാഗലഹരി | ,, |

PRINTED AT
INDIA PRESS, KOTTAYAM

KIDARAKUZHI

## കഥാപാത്രങ്ങൾ

| | | |
|---|---|---|
| കുഞ്ചുനായർ | : | ഗ്രാമീണനായ ഒരു കർഷകപ്രഭു, ലുബ്ധൻ, മദ്ധ്യവയസ്കൻ. |
| കുഞ്ചിയമ്മ | : | കുഞ്ചുനായരുടെ ഭാര്യ. |
| പാറുക്കുട്ടി | : | ബുദ്ധിമതിയും, തന്ത്രശാലിനിയും, സംസ്കാരസമ്പന്നയുമായ യുവതി. കുഞ്ചുനായരുടെ പുത്രി. |
| കേശവനുണ്ണിത്താൻ | : | കുഞ്ചുനായരുടെ അനന്തിരവൻ, പാറുക്കുട്ടിയുടെ ഭർത്താവ്. ആലോചനാശൂന്യതയാൽ സ്വത്തു മുഴുവൻ ദീപാളികുളിച്ച് ഒടുവിൽ മര്യാദപഠിച്ച യുവാവ്. |
| ക്ലാര | : | പാറുക്കുട്ടിയുടെ ഉററസഖി. |
| തൊമ്മി | : | ബാങ്കർ, ക്ലാരയുടെ രക്ഷിതാവ്, സംസ്കാരസമ്പന്നൻ. |
| ആനന്ദം | : | കുഞ്ചിയമ്മയുടെ ഭൃത്യ, കേശവനുണ്ണിത്താന്റെ രഹസ്യകാമുകി. |
| കുസുമവേണി | : | നടി, കേശവനുണ്ണിത്താന്റെ ഒരു കാമുകി. |
| ഉണ്ണിപ്പിള്ള | : | കുഞ്ചുനായരുടെ ഒരു ആശ്രിതൻ. |

വേലക്കാർ, പോലീസുകാർ.

...HAR SMARAKA... KIDARAKUZHI

# I

(കണ്ടമംഗലത്തു കുഞ്ചുനായരും ഭാൎയ്യ കുഞ്ചിയമ്മയും നടുമുറ്റത്തു് ഒരു സോഫായിൽ ഇരിക്കുന്നു. മദ്ധ്യവയസ്സ്. ഗ്രാമീണവേഷം.)

കുഞ്ചുനായർ:-എടിയേ, അപ്പോ—നമ്മുടെ പാറുക്കുട്ടി ഏതു ക്ലാസ്സിലാ ഇപ്പോ—

കുഞ്ചിയമ്മ:-ഇത്രയ്ക്കു് അറിഞ്ഞൂടെ പിന്നെ നമുക്കു്. അവള്ക്കു് കേശവനുണ്ണിയെടെ കൂടെയായില്ല്യ ഇപ്പം.

കുഞ്ചുനായർ:-എവളെന്തോന്നാ ഇപ്പറയിണത്തു്. അവളവന്റെ താഴത്തേതിന്റെ താഴത്തേതിലല്ലായിരുന്നോ? പിന്നെ.

കുഞ്ചിയമ്മ:-അവളതൊക്കെ എപ്പോഴേ ജയിച്ചുകേറി. ഇപ്പം അവന്റെ കൂടെയാ. ഫിഴ്ത്ത് പാറം.

കുഞ്ചുനായർ:-ഫിഴ്ത്ത് എന്നല്ലടീ അതിന്റെ പേരു്. നിനക്കിത്ര ഇങ്കിരീസറിഞ്ഞുകൂടേ എന്റെ പെണ്ണേ! ഫിസ്ത്ത് ഭാറം എന്നാ അതിന്റെ പേരു്. വല്ലാത്ത

ഭാരംതന്നൊൻെറ കുഞ്ചീ അവിടം. കേശവനുണ്ണികെടന്നു് മൊട്ടയിടുന്നതു കണ്ടിട്ടില്ലേ. മൂന്നു കൊല്ലമായിട്ടതിനകത്തു്.

കുഞ്ചിയമ്മ:-നമ്മടെ കുഞ്ഞു് മിട്ടുമിടുക്കിയാ. കണ്ടാലുംഓമനക്കൊളുന്ത. ഈയ്യാണ്ടും അവൾ ജയിക്കും. അടുത്തയാണ്ടാവുമ്പം കേശവൻഉണ്ണീടെ മോളിലത്തെ ക്ലാസ്സിൽ.

കുഞ്ചുനായർ:-നല്ല ശേലുതന്നെ. കൊച്ചച്ചിയും കൊച്ചുനായരും ഒരേ ക്ലാസ്സിലാ ഇപ്പോ. പിള്ളേക്ക് പറഞ്ഞു ചിരിക്കാൻ വകയായി. എങ്കിലും ഈ പണി ഞാനെടുത്തതു നന്നായി എൻെറ കുഞ്ചീ! അല്ലെങ്കിലുണ്ടാ അവനിവിടെ പോണു. വിത്തുഗൊണം പത്തു്. ആ ശീമോളിലെ നമ്പൂരിപ്പാടദ്ദേമും അങ്ങനെതന്നെയാ.

കുഞ്ചിയമ്മ:-പാവം. നല്ല തങ്കക്കൊടം ആ തിരുമേനി. ഒരു ലക്ഷത്തിനു വക കിട്ടിയല്ലോ നാത്തൂനു്.

കുഞ്ചുനായർ:-നോക്കണേ! ഒടയതമ്പുരാൻെറ കളി. അവളും പോയി നമ്പൂരിയദ്ദ്യോം പോയി. ചെറുക്കനൊരു ലക്ഷത്തിൻെറ ഒടമസ്ഥനും. ചുമ്മാതാണോ ഞാനാദത്താധാരം എഴുതിച്ചു് അവനെ ദത്തുപുത്രനാക്കി വച്ചതു്. ഓവിലോട്ടു് ഒഴുകാൻ പോണതു് പാളയിൽ കെടക്കട്ടെ. പതിനൊന്നുകാരിപ്പെണ്ണിനെ ഉണ്ണിയെക്കൊണ്ടു് പൊടവടയും കഴിപ്പിച്ചു.

കുഞ്ചിയമ്മ:- അവനൊരു വെറും മണ്ണുണ്ണിയെന്നാ തോന്നണതു്. ആറാട്ടുപട്ടാണിയെപ്പോലെ ഉടുത്തൊരുങ്ങിനടക്കണം അവനു്. സിഗ്രെററുവേണം. ചുരുട്ടു കുടിക്കണം. ഈയ്യിടെ കൊറേശ്ശെ ഇംഗ്ലീഷ്മരുന്നും ഉള്ള ലക്ഷണമാ.

കുഞ്ചുനായർ:-ങ്ഹ! അതും ഒക്കെ തൊടങ്ങിയോ അവൻ. പെണ്ണിൻെറ പേക്ക് വല്ല ഇഷ്ടദാനമോ വല്ലോം

എഴുതിമേടിക്കണം. അല്ലെങ്കിൽ മുഴുവൻ തൊലച്ചു മുടിയാന്ത്രം വരുത്തും അവൻ.

കുഞ്ചിയമ്മ:-ഈയ്യടെ കുറേശ്ശെ തോന്ന്യാസം നടപ്പും തൊടങ്ങീട്ടൊണ്ടവൻ. നമ്മടെ കുഞ്ഞു കൊച്ചല്ലേ. അതിനൊണ്ടോ എട്ടും പൊട്ടും തിരിയും ഇപ്പോ. എൻെറ ഈശ്വരാ! അവൻ നല്ലബുദ്ധിയായി വന്നിരുന്നു എങ്കിൽ.

(കുഞ്ചിയമ്മ വിങ്ങി വിങ്ങി കരയുന്നു)

കുഞ്ചുനായർ:-ച്ഛീ! പോടീ! കരയാതിങ്ങനെ. ഒരു കാര്യം ചെയ്യേരെ. അവനെ പെണ്ണകിക്കൂടാ. ചെറുക്കൻ മേജറായിക്കഴിഞ്ഞു. എട്ടോ പത്തോ അവന് ഇഷ്ടംപോലെ കൊടുത്തേക്കണം, ചോദിക്കുമ്പോ. വല്ലവിധോം എണങ്ങിക്കൂടി പെണ്ണിൻെറ പേക്ക് എഴുതിക്കണം ഇഷ്ടദാനം.

കുഞ്ചിയമ്മ:-ഞാൻ പലതും കണ്ണടച്ചിരിക്കയാ ഉണ്ണിയെടെ കാര്യത്തിൽ. എന്തോന്നിനു പറയുന്നു പിന്നെ.

കുഞ്ചുനായർ:-അതെന്തടീ കുഞ്ചീ!

കുഞ്ചിയമ്മ:-എന്തോന്നാ ആ ആനന്ദത്തിൻെറ അടുത്തും അവൻ തൊടങ്ങിയിരിക്കയാ ശല്യം.

(കുഞ്ചുനായർ രണ്ടുകൈകളുംകൊണ്ടു് ചെവി പൊത്തിപ്പിടിച്ചു് അസഹ്യത ഭാവിക്കുന്നു.)

കുഞ്ചുനായർ:-തൊലയട്ടടീ! തൊലയട്ടെ! നീ കേറി എടയണ്ട ആ സംഗതീൽ. കണ്ടില്ലെന്നുവച്ചേരെ. പണമെല്ലാം വാരി കണ്ട പെണ്ണുങ്ങൾക്കു കൊടുത്തു് മുടിയാതിരിക്കട്ടെ.

കുഞ്ചിയമ്മ:-അവമതി ഉണ്ടായാലോ അവൾക്ക്. ആ നാണക്കേട്ട നമ്മളെങ്ങനെ പൊറുക്കും. നമ്മുടെ കുഞ്ഞിനെ കൂട്ടുകാർ വെറുതെ വെച്ചേക്കുമോ?

കുഞ്ചുനായർ:-ഓ! അതൊന്നും സാരമില്ല. ആ ഉണ്ണിപ്പിള്ളക്കൊണ്ട് രണ്ടു തുണി വാങ്ങിപ്പിച്ചു കൊടുക്കണം വേണ്ടിവന്നാൽ. പേററിനും പെറവിക്കും അയാളൊന്നും അറിയേം വേണ്ട.

കുഞ്ചിയമ്മ:-കൊള്ളാം. നല്ല ആലോചന. ഇഷ്ടംപോലെ നടക്കട്ടെ. പാറുക്കുട്ടി കുഞ്ഞാ! ഇവൻ ഇങ്ങനെ തുമ്പില്ലാതെ പോയാൽ അവക്കെന്താ ഗതി പിന്നെ.

കുഞ്ചുപിള്ള:-അതിനു ഞാൻ പോംവഴി കണ്ടിട്ടൊണ്ടെടി പെണ്ണേ! ഇന്നുതന്നെ ആധാരമെഴുത്തു ശങ്കുപ്പിള്ളയെ വരുത്തിയേക്കാം.

കുഞ്ചിയമ്മ:-അങ്ങനെ എന്തെങ്കിലും ചെയ്തുവച്ചേ മതിയാവൂ. എന്നും നമ്മളു രണ്ടുപേരും ഇങ്ങനെ ഇരുന്നോന്നു വരുമോ?

(കർട്ടൻ)

# II

(കേശവനുണ്ണിത്താൻെറ മുറി. ഒരു കസേരയിൽ കേശവനുണ്ണിത്താൻ ഇരിക്കുന്നു. പരിഷ്കൃതസാധനങ്ങൾകൊണ്ട് അലങ്കരിച്ച ഒരു മേശ. ഒരു ചാരുകസേര. മററു രണ്ടു കസേരകൾ, കണ്ണാടി, ചീപ്പ്, ഷേവിംഗ്സെറവ്, പൗഡർ, ഹെയർഓയിൽ, ക്രീം,സ്റ്റോ,സെൻറുകുപ്പികൾ എന്നിവ പലതും—കേശവനുണ്ണി സുന്ദരനും, കോമളനും, ദീർഘാകാരനും,ദൃഢഗാത്രനുമായ ഒരു യുവാവ്—തേച്ച് എടുത്ത വെള്ളമുണ്ട്. അതുപോലെ അലക്കി തേച്ചെടുത്ത വെള്ള ഷർട്ട്—പരിഷ്കൃതരീതിയിൽ കൈകൾ മടക്കി തെറുത്തുവച്ചിരിക്കുന്നു. വിശേഷപ്പെട്ട ഫ്രെയിം ഉള്ള കണ്ണട. തല ഭംഗിയായി ചീകിമിനുക്കിയിട്ടുണ്ട്. കസേരയിൽ ഗൗരവം നടിച്ച് ഇരിക്കുന്നു)

കേശവനുണ്ണി:-(സ്വയം) ഇവിടുത്തെ രീതികളൊന്നും എനിക്കു തീരെ പിടിക്കുന്നില്ല. അമ്മാവൻെറ പിശുക്കും അമ്മാവിയുടെ പഴഞ്ചൻ മട്ടുകളും—ആകെ ഓർക്കുമ്പോൾ ത്രന്തിരി കൊള്ളുന്നു എനിക്ക്. പള്ളിക്കൂടത്തിലെ പഠിപ്പ് ഏതായാലും മതിയാക്കണം ഇനി. ഇവിടുത്തെ കൊച്ചു പെണ്ണും ഞാനും ഒരേ ക്ലാസിൽ. അതു തന്നെ വലിയ നാണക്കേട്—പോരെങ്കിൽ ആ കുരുന്നു പെണ്ണിനെ എൻെറ ഭാര്യയുമാക്കി ഈ പിശുക്കൻ അമ്മാവനും, ദുരാഗ്രഹം പിടിച്ച അമ്മാവിയുംകൂടെ. എവിടെ എവിടെ എല്ലാം കിളിപോലിരിക്കുന്ന സുന്ദരിപ്പെണ്ണുങ്ങൾ ഇരിക്കുന്നു എനിക്കു വേണമെങ്കിൽ. ആ ആനന്ദം, അവളൊരുത്തിയെ കരുതി ഞാനീ കട്ടവാക്കൂട്ടിൽ കിടക്കുകയാ. അവൾ കണ്ടാലും ഇത്തിരി ഭേദം. സരസമായി സംസാരിക്കാനും അറിയാം. ആകെപ്പാടെ ഒരു കൊച്ചുമിടുക്കി. അതൊക്കെ ഈ കരുത്തംകെട്ട അമ്മാവിക്കു കുറേശ്ശെ ഉൗഹം കിട്ടീട്ടൊണ്ടെന്നാണെൻെറ ബോദ്ധ്യം. അങ്ങനെ ഉണ്ടെങ്കിൽതന്നെ എന്നോടെന്തു ചെയ്യാ

നാ. തീരെ മനസ്സു മുട്ടിയാൽ എന്തുഃവേണമെന്ന് എനിക്കറിയാം.

(കയ്യിൽ ഒരു സാസറും ഒരു കപ്പു ചായയുമായി പാറുക്കുട്ടി പ്രവേശിക്കുന്നു. ഓമനപ്പെൺകുട്ടി. കഷ്ടിച്ചു 11 വയസ്സ്. മോടിയില്ലുള്ള വേഷവിധാനം)

കേശവനുണ്ണി:- (മന്ദസ്മിതം ചെയ്തുകൊണ്ട്) ഇന്നെന്താ കൊച്ചുകൊച്ചമ്മ തനിയെ എഴുന്നള്ളിയതു്. അച്ചി ഇന്നെവിടെ?

പാറുക്കുട്ടി:-(സാസറും കപ്പും മേശപ്പുറത്തു വച്ചിട്ട് കേശവനുണ്ണിത്താനെ നോക്കി പുഞ്ചിരിതൂകുന്നു) ആനന്ദംഅവൾക്കു തൊട്ടുക്കൂടാ.

കേശവനുണ്ണി:-ആരുപറഞ്ഞു നിന്നോട്ട് അങ്ങനെ?

പാറുക്കുട്ടി:-കാപ്പികുടിക്കണം ആറുംമുൻപേ; ഞാൻ പോയി പലഹാരവും കാപ്പി ബൗളും കൊണ്ടുവരാം.

കേശവനുണ്ണി:-വരട്ടെ. അവിടെ നിക്കെടി പെണ്ണേ! ചോദിക്കട്ടെ. നീ കാപ്പി കുടിച്ചോ?

പാറുക്കുട്ടി:-ആണുങ്ങളല്ല കുടിക്കുംമുമ്പേ, പെണ്ണുങ്ങളാണോ കാപ്പി കുടിക്കുന്നതു്. ചേട്ടൻ—കുടിക്കണം. പിന്നെ ഞാൻ കുടിച്ചോളാം.

കേശവനുണ്ണി:-ഹടി കൊച്ചുമിടുക്കി! ആരു പറഞ്ഞു നിഃന്നോട്ട് എനിക്കു ചായ കൊണ്ടുവരാൻ.

പാറുക്കുട്ടി:-(പുഞ്ചിരിച്ചുകൊണ്ട്) വല്ലോരും പറയണോ എന്നോട്ട്. ചേട്ടൻ അല്ലേ?

കേശവനുണ്ണി:-ആരു പറഞ്ഞു ഞാൻ നിൻെറ ചേട്ടനെന്ന്?

പാറുക്കുട്ടി:-അതൊക്കെ ഞാൻ അറിഞ്ഞിട്ടുണ്ടു ചേ

ട്ടാ. ചേട്ടൻ എൻെറ ആളല്ലാഞ്ഞിട്ടാണോ ഇന്നാലെ പകുതി സ്വത്തു് എൻെറ പേക്കു് ഇഷ്ടദാനം എഴുതിയതു്.

കേശവനുണ്ണി:-നീയെൻെറ അമ്മാവൻെറ മോളല്ലേ? അത്രയുമെങ്കിലും നിനക്കു് ഇരുന്നോട്ടെ എന്നു കരുതി. സ്നേഹവും മററും നിന്നോടു് ഇല്ലെനിക്കു്.

(കേശവനുണ്ണിത്താൻ ചിരിക്കുന്നു)

പാറുക്കുട്ടി:-(ചിരിച്ചുകൊണ്ടു്) ഈ ചേട്ടനു കുറേ ശ്ശെ കിറുക്കുണ്ടോ? സാറന്മാരും അങ്ങനെ പറയാറുണ്ടു്, ചേട്ടൻെറ മട്ടും മാതിരിയും കാണുമ്പോൾ,—ക്ലാസ്സിൽ.

കേശവനുണ്ണി:-നിൻെറ സാറന്മാരുടെ കാര്യം എനിക്കു കേൾക്കുകയേ വേണ്ട. ഞാൻ അങ്ങോട്ടു വരുന്നോ ഇല്ല ഇനി. മഹാ കുറച്ചില്. നീ പഠിച്ചു മിടുക്കിയായിക്കോ. അന്നു നീയെന്നോ ഓർമ്മിക്കുമോടീ കൊച്ചു പിള്ളേരു!

പാറുക്കുട്ടി:-(ചിരിച്ചുകൊണ്ടു്) ഇതെന്തൊരു ചോദ്യമാചേട്ടാ. കാഫി ആറുന്നു. വേഗം കുടിക്കു. പലഹാരം തിന്നുമ്പോൾ വേറെ കൊണ്ടുവരാം കുടിക്കാൻ.

(അവൾ പോകുന്നു. കേശവൻ ഉണ്ണിത്താൻ കാഫി എടുത്തു കുടിക്കുന്നു. അപ്പോഴേയ്ക്കു് ഒരു കയ്യിൽ പലഹാരത്തട്ടവും മറേറക്കയ്യിൽ കാഫിജഗ്ഗുമായി പാറുക്കുട്ടി പ്രവേശിച്ചു ഭാരം മേശപ്പുറത്തു വയ്ക്കുന്നു. വീണ്ടും പോയി ബ്രഡ്, ബട്ടർ, ജാം, കത്തി, ഫോർക്കു് എന്നിവയുമായി പ്രവേശിക്കുന്നു)

കേശവനുണ്ണി:-(ചിരിച്ചുകൊണ്ടു്) എന്തു പാറുക്കുട്ടീ! അമ്മാവൻ യൂറോപ്യൻ മട്ടും തുടങ്ങിയോ ഈയിടെ?

പാറുക്കുട്ടി:-(ചിരിച്ചുകൊണ്ടു്) ഒരു യൂറോപ്യൻ അന്തിരവൻ ഉണ്ടായാൽ നാടൻ അമ്മാവനും യൂറോപ്യനാകണ്ടേ ചേട്ടാ!

കേശവനുണ്ണി:- എൻെറ കൊച്ചുഡാളീ! നീ ഭംഗിയായി സംസാരിക്കുന്നല്ലോ. ഇങ്ങ് അടുത്തുവാ നിനക്കൊരുPresent—ഒരു Kiss തരട്ടെ.

പാറുക്കുട്ടി:-(ലജ്ജിച്ചു് തലതാഴ്ത്തി പിറകോട്ട് മാറിക്കൊണ്ടു്) അയ്യോ! ഇതെന്തോന്നാ ഈ ചേട്ടൻ പറയുന്നതു്.

കേശവനുണ്ണി:-അതാ ഞാൻ പറയുന്നതു്; നീ വെറും കൊച്ചുപെണ്ണാണെന്നു്. നിനക്കു് ഒരു ഗ്രാഹ്യവുമില്ലെന്നു്. ആകട്ടെ നിനക്കെൻെറ അടുത്തിരുന്നു കാഫി കുടിക്കരുതോ?

പാറുക്കുട്ടി:-വേണ്ട ചേട്ടാ! ഞാനങ്ങുപോയി കുടിച്ചോളാം. സ്കൂളിൽ പോകാൻ ധൃതിയായി. (പാറുക്കുട്ടി ഉണ്ണിത്താൻെറ മുമ്പിൽ മേശപ്പുറത്തിരിക്കുന്ന പ്ലേററിൽ നിന്നു് ഒരു റൊട്ടി എടുത്തു തിന്നുകൊണ്ടു്) ചേട്ടൻെറ വാക്കു് ലംഘിക്കരുതല്ലോ? അതിനുവേണ്ടി ഇതു തിന്നേക്കാം.

കേശവനുണ്ണി:-ഉം—എൻെറ കൊച്ചുഡാളിക്കു് മര്യാദ അറിയാം. ആകട്ടെ ഇനി പൊയ്ക്കോ. ആനന്ദത്തിനെ ഇങ്ങോട്ടു പറഞ്ഞയയ്ക്കു്. അവൾ ഇതെല്ലാം എടുത്തുമാററട്ടെ.

(പാറുക്കുട്ടി ചിരിച്ചുകൊണ്ടു് ഓടിപ്പോകുന്നു. ആനന്ദം പ്രവേശിച്ചു് വാതിലിൻെറ മാവിൽ നിന്നുകൊണ്ടു് കേശവനുണ്ണിത്താനെ നോക്കി ചിരിക്കുന്നു—സുന്ദരിയായ യുവതി. മോടിയായ വേഷം. അത്യാവശ്യം വേണ്ട ആഭരണങ്ങൾ.)

കേശവനുണ്ണി:- ആനന്ദക്കൊച്ചമ്മയ്ക്കു് വരാറായില്ലേ അകത്തേയ്ക്കു്.

ആനന്ദം:-(കുറേക്കൂടി അകത്തേയ്ക്കു മാറി ശൃംഗാരം

അഭിനയിക്കുന്നു. എന്നിട്ട്—മന്ദസ്വരത്തിൽ) അകത്തു വന്നിരിക്കയോ. മനസ്സിലായില്ലേ? ഇനി എന്താ ഭാവം?

കേശവനുണ്ണി:-മനസ്സിലായി. മനസ്സിലായി. ഞാന ല്ലേ പേടിക്കേണ്ടു. എന്താ ഇന്നു കാപ്പി കൊണ്ടുവരാതെ മാറിക്കളഞ്ഞതു്.

ആനന്ദം:-(കുഴഞ്ഞാടിക്കൊണ്ടു്) എന്നും അങ്ങനെ വന്നാൽ കൊള്ളാമോ? ഇടയ്ക്കിടെ ഇങ്ങനെയും വേണം. എങ്കിലേ ആനന്ദത്തിൻെറ ഗുണം അറിയൂ

കേശവനുണ്ണി:-ഇന്നു ഫിലാസഫിയുംകൊണ്ടു് പുറപ്പെട്ടിരിക്കയോ. (മന്ദസ്വരത്തിൽ) തൊട്ടുകൂടെന്നു പാറുക്കുട്ടി പറഞ്ഞു.

ആനന്ദം:-(പുഞ്ചിരിച്ചുകൊണ്ടു്) ചുമ്മാതങ്ങനെ പറഞ്ഞുവിട്ടതാ അതിനെ. അതു് ഇവിടെവന്നു കൂത്തുകളിക്കുന്നതു കാണാൻ.

കേശവനുണ്ണി:-ആനന്ദം ബഹുമിടുക്കിതന്നെ. ആളും ഒട്ടും മോശമല്ല.

ആനന്ദം:-(സരസമായി ചിരിച്ചുകൊണ്ടു്) മോശമായാൽ നിങ്ങടെ ഒക്കെ കൂടെ ഇങ്ങനെ കഴിഞ്ഞുകൂടാൻ ഒക്കുമോ? എങ്കിലും ആനന്ദത്തിനെ തീരെ മറന്നിട്ടാ പെരുമാററം.

കേശവനുണ്ണി:-അതു് എന്താനന്ദം? എങ്ങനെ മറന്നു? കാര്യം തുറന്നുപറ.

ആനന്ദം:-എട്ടുംപൊട്ടുംതിരിയാത്ത ആ കുഞ്ഞിൻെറപേക്ക് അരലക്ഷത്തിനു സ്വത്തു് ഇഷ്ടദാനമെഴുതി. ഒരൊററപ്പറമ്പെങ്കിലും ആനന്ദത്തിനിരിക്കട്ടെ എന്നു കരുതിയില്ലല്ലോ? അമ്പോ! കട്ടപ്പം.

കേശവനുണ്ണി:-നിനക്ക് ഒരു പറമ്പെന്തിന്? പറമ്പും കെട്ടിടവും ഉണ്ണാൻ നെല്ലിന് നിലവും ഞാൻ എഴുതിത്തരാം. അല്പം അടങ്ങിയിരിക്ക്. ഈ അമ്മാവൻ ഒന്ന് അറിഞ്ഞുകൊള്ളട്ടെ. പകുതി മകൾക്ക് എഴുതിയതുകൊണ്ട് പ്രസാദിച്ചിരിക്കയൊ ഇപ്പോ.

ആനന്ദം:-വേറെ എങ്ങാനും കൊണ്ടുവച്ച് പ്രമാണം രജിസ്റ്റ്രാക്കിയാലും തരക്കേടില്ല.

കേശവനുണ്ണി:-ആകട്ടെ. അങ്ങനെ ചെയ്യാം. പാറുക്കുട്ടി പോയോ സ്കൂളിൽ?

ആനന്ദം:-പാവാടയും ബ്ലൗസും മാറുന്നു.

കേശവനുണ്ണി:-അമ്മാവൻ എവിടെ?

ആനന്ദം:-കണ്ടത്തിൽ നട്ടുവിക്കുന്നിടത്ത് നോക്കാൻ പോയി.

കേശവനുണ്ണി:-അമ്മായി എവിടെ?

ആനന്ദം:-കുളക്കടവിലേയ്ക്ക് കുളിക്കാൻ പോയതേ ഉള്ളൂ.

കേശവനുണ്ണി:-(നാലുപാടും നോക്കിയിട്ട്) നീ ഇങ്ങുവാ പറയട്ടെ. നിനക്ക് പുരയിടവും, പുരയും നെൽനിലങ്ങളുമൊക്കെ തരുന്നുണ്ട് ഞാൻ.

(ആനന്ദം അടുത്തുചെല്ലുന്നു.)

ആനന്ദം:-എന്തിനാ വക്കീലന്മാരുടെ ക്രാസ്സുവിസ്താരംപോലെ തെരുതെരെ ചോദ്യം ഇടുന്നതിങ്ങനെ. ഇനി എല്ലാം തന്നുകണ്ടിട്ടേ കാര്യമുള്ളൂ.

(അവൾ കേശവനുണ്ണിത്താനെ സൂക്ഷിച്ചുനോക്കി പുഞ്ചിരിതൂകുന്നു. കേശവനുണ്ണിത്താനും.)

കേശവനുണ്ണി:-ഛേ! ആനന്ദം ഉടുപ്പ് എടുത്തിടാതെ. ആ വാതിലങ്ങടച്ചേരെ.

(കർട്ടൻ)

# III

(ബാങ്കിലെ ഏജൻറിൻെറ മുറിയിൽ ബാങ്കർ തൊമ്മി ഇരിക്കുന്നു. ബാങ്കാഫീസിലെ ഉപകരണങ്ങളും സാമഗ്രികളും. കേശവനുണ്ണിത്താൻ പ്രവേശിക്കുന്നു. ഏജൻറ് ഹസ്തദാനം ചെയ്തു് ഇരുത്തുന്നു.)

തൊമ്മി:-എന്തെല്ലാമാ കൊച്ചങ്ങുന്നേ ഇങ്ങോട്ടൊക്കെ ഇറങ്ങിയതു്.

കേശവനുണ്ണി:-നിങ്ങളൊക്കെ വലിയ ബാങ്കറന്മാരല്ലെ? ഒന്നു കണ്ടിരിക്കാമെന്നു കരുതി ഇറങ്ങിയതാ.

തൊമ്മി:-ഇപ്പൊയ്യിടെ സ്കൂളിലും മററും പോകുന്നില്ലെ?

കേശവനുണ്ണി:-എന്നും പഠിച്ചുകൊണ്ടിരുന്നാൽ മതിയോ?

തൊമ്മി:-അതുതന്നെയാ ഞാനും ചോദിക്കുന്നതു്. ഞങ്ങടെ ചെറുപ്പക്കാരാണെങ്കിൽ ഈ പ്രായത്തിൽ ഇങ്ങനെ ഇരിക്കുകയില്ല. എനിക്കുതന്നെ അവിടത്തോളമേ പ്രായമുള്ളൂ. നിങ്ങളൊക്കെ ദൈവം പ്രസാദിച്ചവർ. ധാരാളം വസ്തുവകയുള്ളവർ. എന്തെങ്കിലും മുതൽ മുടക്കി വൻകിട വ്യവസായങ്ങൾ നടത്താൻ ശേഷി ഉള്ളവർ.

കേശവനുണ്ണി:- അക്കാര്യം ആലോചനയിലിരിക്കയാ ഇയ്യിടെ. അമ്മാവൻ വലിയ കൃഷിക്കാരനാ. എന്നെക്കൊണ്ടു് കണ്ടത്തിൽ പോവാനും അലയാനും ഒന്നും ആവില്ല.

തൊമ്മി:-അതാ ഞാനും പറയുന്നതു്. കുറെ പണം മുടക്കി ഒരു നല്ല തൊഴിൽ തുടങ്ങണം.

കേശവനുണ്ണി:-വസ്തുവകകളിലെ ആദായം ഒക്കെ അമ്മാവനാ എടുക്കുന്നതു്. പണം ഒക്കെ അവിടെയാ. പണം എടുത്തു് ചെലവിടുന്നതേ ഇഷ്ടമില്ല. പോരെങ്കിൽ ഒരു മല്ലും പിടിച്ചു തലയിൽ വച്ചു.

തൊമ്മി:-(പുഞ്ചിരിച്ചുകൊണ്ടു്) അതും മനസ്സിലായിട്ടുണ്ടു. ഞാനും നിങ്ങളുടെ അടുത്തൊക്കെ അല്ലേ കിടക്കുന്നതു്. അതൊരു വേണ്ടാത്ത വേലയായിപ്പോയി. ഓ! സാരമില്ല. അങ്ങു് ഒരു വ്യവസായം തുടങ്ങണം. പണം എത്ര വേണമെങ്കിലും ഞാൻ തരാം. വസ്തുക്കൾ പിടിപ്പതു് ഉണ്ടല്ലേ? ഇപ്പോൾ മേജറുമായിക്കഴിഞ്ഞു.

കേശവനുണ്ണി:-അതിനൊന്നും കുഴപ്പമില്ല. എന്തോന്നാ തുടങ്ങേണ്ടതു്? അതാണിപ്പോഴത്തെ ആലോചന. എനിക്കു് നാടകത്തിൽ വലിയ ഭ്രമമാ. ഒരു നാടകക്കമ്പെനി തുടങ്ങിയാലെന്തു്? മുടക്കു് വളരെ വേണ്ട. നല്ല നടന്മാരെയും നടികളേയും വരുത്തി കളിപ്പിച്ചാൽ ഒരു കളിക്കു് പത്തും രണ്ടായിരവുമൊക്കെ കിട്ടും. പിന്നെ സിനിമ ആക്കുകയും ചെയ്യാം.

തൊമ്മി:-നാടകം നല്ലതുതന്നെ. തുടരെ കളിക്കു നഷ്ടം വന്നാൽ വലിയ തട്ടായിത്തീരും. നടന്മാക്കു് ഓരോ കളിക്കും ശമ്പളം കൊടുക്കാതെ ഒക്കുകയുമില്ല. സിനിമാ കമ്പിനി ആയാൽ നല്ല ലാഭമാ. ഫിലിം എടുക്കുന്ന പ്രൊഡക്ഷൻ കമ്പിനി ആണെങ്കിൽ ആദ്യം ചെലവു ചെയ്താലും പിന്നെ കിട്ടുന്നതു മുഴവൻ ലാഭം തന്നെ. കൊച്ചങ്ങുന്നു് ആദ്യം ഒരു കാൺട്രാക്റ്റു് തുടങ്ങിയാൽ മതിയെന്നാണെന്റെ അഭിപ്രായം. അബ്കാരി ലേലസമയമാ ഇതു്.

ആദ്യം ഒരു താലൂക്കിലേ കള്ളോ, ചാരായമോ, രണ്ടും കൂടയോ അവിടം എല്ലാംകൂടയോ പിടിച്ചേക്കണം.

കേശവനുണ്ണി:-എന്നാൽ അങ്ങനെ ആവട്ടെ. പണം എന്തു മുടക്കണം.

തൊമ്മി:- അതു ഭാഗ്യംപോലിരിക്കും. എൻെറ സിവിൽ ഏജൻറിനെ കൂടെ വിടാം. ആവശ്യമുള്ള പണം ആദ്യം കെട്ടിവയ്ക്കണം. പിന്നീടു തവണ അടയ്ക്കാൻ ഷാപ്പുകാരോടു പിരിച്ചും എടുക്കാം. പോരാതെ വന്നാൽ നമുക്കു നികത്താം.

കേശവനുണ്ണി:-അങ്ങനെ തന്നെ. ഇതൊന്നും അമ്മാവനു രസമില്ല. അറിഞ്ഞാൽ വിലക്കും. അതുകൊണ്ടു നാം തമ്മിൽ അറിഞ്ഞാൽ മതി.

തൊമ്മി:-മതി. ഒരു ഇരുപതിനായിരം മതി ആദ്യം. അതിന് ഒരു പണയാധാരം. പിടിപ്പുള്ള കുറെ തന്നു വസ്തുക്കൾ ഈടു വച്ച്. സംഖ്യ ബാങ്കിൽ ഡിപ്പോസിററു ചെയ്തു് പാസ്സുബുക്കു തരാം. ചെക്കുബുക്കും തരാം. ചെക്കിൻപ്രകാരം ആവശ്യം പോലെ പററിക്കൊള്ളണം. പണയാധാരസംഖ്യയും പലിശയും നിശ്ചിത ഗഡുക്കളായി അടച്ചു തീൎക്കയും ചെയ്യാം.

കേശവനുണ്ണി:-അങ്ങിനെ തന്നെ.

തൊമ്മി:-എങ്കിൽ വസ്തുക്കളുടെ പ്രമാണങ്ങളുംകൊണ്ടു് രാവിലെ ഇങ്ങോട്ടു വന്നാട്ടെ.

കേശവനുണ്ണി:-എന്നെ ഇങ്ങനെ നേർവഴിക്കു തിരിച്ചതിൽ എനിക്കുള്ള നന്ദി എങ്ങനെയാ പ്രകാശിപ്പിക്കേണ്ടതു്?

തൊമ്മി:-ഓ! ഇതിനൊന്നും നന്ദി പറയാനും പ്രത്യുപകാരം ചെയ്യാനും ഇല്ല. അവിടത്തെ സഹായം വേണ്ടിവരുമ്പോൾ ഞാൻ അതു് അപേക്ഷിച്ചു വാങ്ങുന്ന കൂട്ടത്തിലുമാ.

(കേശവനുണ്ണിത്താൻ ബാങ്കറെ വന്ദിച്ചിട്ടു പോകുന്നു.)

(കർട്ടൻ)

# IV

(കുഞ്ചുനായരും കുഞ്ചിയമ്മയും കണ്ടമംഗലത്തെ പൂമുഖത്തു് ഒരു സോഫായിൽ ഇരിക്കുന്നു.)

കുഞ്ചുനായർ:-കൊച്ചുകേശവൻ ഇത്ര പെട്ടെന്നു് ഇത്ര തോന്ന്യാസക്കാരനായല്ലോ കുഞ്ചീ!

കുഞ്ചിയമ്മ:-അന്നു് ആ വേല ചെയ്തില്ലെങ്കിൽ അതും കടം കേററി കളഞ്ഞേനെ അവൻ. നമുക്കു് അത്ര മനസ്സില്ലായിരുന്നു ഞാനതു പറഞ്ഞപ്പം.

കുഞ്ചുനായർ:-അതേതായാലും നന്നായെടി! എന്തോന്നിനാണോ അവൻ ബാങ്കിലേയ്ക്കു പണയാധാരം കൊടുത്തതു്.

(ഉണ്ണിപ്പിള്ള പ്രവേശിക്കുന്നു. മെലിഞ്ഞ ഉടൽ, മുഷിഞ്ഞ മുണ്ടു്, മുഷിഞ്ഞ ഷർട്ടു്, പഴയ കുട, പഴയ ചെരിപ്പു്.)

കുഞ്ചുനായർ:-ഉണ്ണിപ്പിള്ള ദീർഘായുസ്സാ. കാര്യം മനസ്സിൽ നിരുവിച്ചേ ഒള്ളു. ഒടനേ വന്നുകഴിഞ്ഞു.

ഉണ്ണിപ്പിള്ള:-ഇന്നാലെ തൊട്ടു് ഇങ്ങോട്ടു വരണോന്നു് ഒരു വേവലാതി. ഒരു കാര്യം അറിഞ്ഞപ്പം മുതലു്.

കുഞ്ചിയമ്മ:-എന്താ ഉണ്ണിപ്പിള്ളേ, വിശേഷം.

ഉണ്ണിപ്പിള്ള:-(ദീർഘനിശ്വാസത്തോടെ) എന്തു പറയാനാ കൊച്ചമ്മേ! ഒക്കെ വിശേഷം തന്നെ. കൊച്ചങ്ങന്നിൻെറ കളികളൊക്കെ അറിഞ്ഞില്ലേ?

കുഞ്ചുനായർ:-എന്താടോ! ഒന്നും അറിഞ്ഞില്ലല്ലോ? രണ്ടുമൂന്നായിട്ട് അയാളെ ഇവിടെങ്ങും കാണുന്നില്ല.

ഉണ്ണിപ്പിള്ള:-ആ തൊമ്മിക്കുഞ്ഞിൻെറ വേങ്കിലാ ഇയ്യിടെ. ഒരു പണയാധാരം കൊടുത്തുകഴിഞ്ഞു.

കുഞ്ചുനായർ:-അയ്യോടാ! അവൻ ചതിച്ചല്ലോ? ഞാനിതുവരെ പൊത്തിപ്പിടിച്ചു വച്ചതു് അവന് അനുഭവിക്കണമെന്നുവച്ചല്ലേ.

ഉണ്ണിപ്പിള്ള:-ഇപ്പോഴും അനുഭവിച്ചു തൊടങ്ങിയല്ലോ? കൊച്ചുതൊമ്മി അനുഭവിക്കാനാ അതു്. ഇരുപതിനായിരത്തിനാ പണയാധാരം.

കുഞ്ചുനായർ:-(നെഞ്ചിൽ അടിച്ചുകൊണ്ടു്) അയ്യോടാ വല്ല അമ്പതിനോ, നൂറിനോ എന്നല്ലെ ഞാൻ കരുതിയതു്. തൊലച്ചല്ലോ? ആകെ തൊലച്ചല്ലോ ആ പാപി!

ഉണ്ണിപ്പിള്ള:-അങ്ങന്നിൻെറ കുഞ്ഞിനു പകുതി ഏതായാലും ഇങ്ങു വന്നല്ലോ? പിന്നെന്തിനാ ഈ വേവലാതി. പോയി തൊലയട്ടെ. ഒന്നു പഠിക്കട്ടെ. താനേ വരുമിങ്ങു് അതു തീരുമ്പോ.

കുഞ്ചിയമ്മ:-എന്തിനാടോ ഇതെല്ലാം.

ഉണ്ണിപ്പിള്ള:-അവ്ക്കാരി കാൺട്രാക്റ്റ് പിടിക്കാൻ പോലും. പോയിക്കഴിഞ്ഞു ഷാപ്പുലേലത്തിന്.

കുഞ്ചുനായർ:-എൻെറ ദൈവമേ, കള്ളുകച്ചോട

ത്തിന് ഈ നാറത്ത കുടുംബത്തീന്നാ. കെട്ടു, കുടുംബത്തി ൻെറ മാനം. ശീമോളി നമ്പൂരിപ്പാട്ടിലെ മോൻ കണ്ട മംഗലത്തേ ഇളമീന് കള്ളും, ചാരായവും കച്ചോടത്തി നോ?

ഉണ്ണിപ്പിള്ള:-കച്ചോടത്തിന വേറെ ആളുകളു കാ ണുമേ! കൊച്ചങ്ങന്ന് ഇങ്ങിരുന്നനുഭവിച്ചാ മതി. കള്ളും ചാരായവും ചില്ലറ കാര്യമോ? പണം വാരും മിടുക്കനെ ങ്കിൽ.

കുഞ്ചിയമ്മ:- ആ കൊച്ചുതൊമ്മി വച്ചുകൊടുത്ത പ ണിയാ ഇതു്. കള്ളു കച്ചോടം ചെയ്തു ചെയ്തു് ചൊമത ലകേറി വസ്തുവെല്ലാം ഒടുക്കം ബേങ്കിലേയ്ക്കു്.

കുഞ്ചുനായർ:-പന്ത്രണ്ടു വരി കട. പന്തീരായിരം രൂപ വേണമതിന്. മാസം 1200 രൂപ. ആണ്ടിലോ, 14400 രൂപ—നല്ല ആലോചന. അവനെക്കൊണ്ടാകു മോ, ഇതെല്ലാം?

ഉണ്ണിപ്പിള്ള:-തൊമ്മി കൂടെക്കൂടെ പോയി സർക്കാ രുകാരെ കണ്ടു് ചന്തയ്ക്കു് അനുവാദം മേടിച്ചുപോലും.

കുഞ്ചിയമ്മ:-നന്നായി വന്നാ കൊള്ളാം. ഈ ക ള്ളും ചാരായവും ഏപ്പാട് അത്ര പന്തിയല്ല ഏതായാലും. കുടിച്ചു പെടുക്കാൻ നല്ല വഴിയാ. പോരെങ്കിൽ ഉണ്ണി ഇത്തിരി എളക്കക്കാരനും. പെണ്ണുങ്ങളായിരിക്കും കച്ചോ ടത്തിന പിന്നെ ആകെ കെട്ടു. അവൻ ഷാപ്പുകളീന്നു മാ റുകേമില്ല. പിരിവൊക്കെ കുററിയിലും.

കുഞ്ചുനായർ:-ഇതെല്ലാം വെറും മാനംകാണിയായേ കലാശിക്കു ഉണ്ണിപ്പിള്ളേ. ഇരുപതിനായിരം! ഈവട്ടിന്

വേങ്കിൽ പണം അടച്ചില്ലെങ്കിൽ വസ്തുക്കളെല്ലാം തൊമ്മി കൊണ്ടുപോകുമല്ലോടോ.

കുഞ്ചിയമ്മ:-നമ്മടെ കുഞ്ഞു് മെട്രിക് ജയിക്കും. അങ്ങനെയല്ല ഇപ്പോഴത്തെ പേരു്. സ്കൂൾഫയിനലു്. അതു കഴിഞ്ഞാൽ മോളിലത്തെപഠിത്തം വേണമെന്നാ അവളുടെ ഉന്നം.

കുഞ്ചുനായർ:-അവനിങ്ങനെ നടന്നാൽ അവളെങ്ങനെ മോളിലോട്ടു് പഠിക്കാനാ.

ഉണ്ണിപ്പിള്ള:-ആ തൊമ്മിക്കുഞ്ഞിനു് സ്വന്തത്തിലോരു പെണ്ണൊണ്ടു്; ക്ലാരക്കുട്ടി. അവളും ഇവിടത്തെ കുഞ്ഞും വലിയ കൂട്ടുകെട്ടാ. ഒന്നിച്ചേ നടക്കു. അവളും മെട്രിക്കിനാ.

കുഞ്ചുനായർ:-ആ കൂട്ടുകെട്ടേ പങ്കം. മോളിലോട്ടൊള്ള പഠിത്തം എല്ലാംകൊണ്ടും കൊള്ളാം. വി. എ. ജയിച്ചാൽ വലിയ ശമ്പളം കിട്ടും പെണ്ണുങ്ങൾക്കു്. പിന്നെയും മോളിലോട്ടു പഠിച്ചാൽ വല്യ മാനമാ. പണ്ടൊക്കെയായിരുന്ന പെണ്ണുങ്ങൾക്കു് പഠിത്തം ഒരു കുറവു്. ഇവിടത്തെ കുഞ്ഞും മിടുക്കിയാ. ക്ലാരക്കുട്ടിയും മിടുക്കിയാ.

കുഞ്ചിയമ്മ:-ആ ക്ലാരക്കുട്ടിയെ തൊമ്മിക്കു കെട്ടാൻ നിർത്തി പഠിപ്പിക്കുകയാ.

കുഞ്ചുനായർ:-(ചിരിച്ചുകൊണ്ടു്) അഃപ്പാഴേ! എടോ! ഈ മതേമ്മമാർക്കു് പെമ്പിള്ളേരെ എന്തിനാ! സായിപ്പന്മാർക്കാണെങ്കിൽ കാര്യമൊണ്ടു്. ഈ സായിപ്പന്മാർക്കു് നമ്മുടെ പെണ്ണുങ്ങളെ വല്യ കാര്യമാണുപോലും. അവരുടെ മതാമ്മമാരേക്കാളും.

(ഉണ്ണിപ്പിള്ളയും കുഞ്ചിയമ്മയും പൊട്ടിച്ചിരിക്കുന്നു)

കുഞ്ചിയമ്മ:-അയ്യോ നമ്മളെന്തോന്നാ ഇപ്പറയു ന്നതു്? പോകുന്നംകേട്ട്.

ഉണ്ണിപ്പിള്ള:-അങ്ങന്നു പറഞ്ഞതു കാര്യമാ. അതെ ല്ലാമിരിക്കട്ടെ. നമ്മടെ കുഞ്ഞു ജയിക്കും ഇയ്യാണ്ടിൽ. മോ ളിലോട്ട് കേറിപ്പോകുന്ന കുഞ്ഞാണതു്. വഴി തെളിച്ചുവി ട്ടാല്.

കുഞ്ചുനായർ:-ഞാനതിനെ നേരത്തെ വഴിതെളിച്ചി ട്ടുണ്ടെടോ. അതൊക്കെ മതി. ഇവിടെങ്ങാനും നിന്നോട്ടെ ഇനി.

ഉണ്ണിപ്പിള്ള:-ഏതായാലും ഉണ്ണിപ്പിള്ള അങ്ങോട്ടു ചെല്ലട്ടെ. ആ ക്ലാരക്കുട്ടിയെ ഒന്നു കാണട്ടെ. വല്ല കാപ്പി ക്കു വകയും തരും അതു്.

കുഞ്ചിയമ്മ:-വരട്ടെ ഉണ്ണിപ്പിള്ളേ! ഇത്ര വല്ലതും കു ടിച്ചിട്ടു പോയാൽ മതി. വരു അപ്പുറത്തേയ്ക്കു്.

(എല്ലാംവരും പോകുന്നു.)

(കർട്ടൻ)

## V

(കുഞ്ചിയമ്മ ഒരു കസേരയിൽ ഇരിക്കുന്നു. ആനന്ദം അരികിൽ നിൽക്കുന്നു.)

കുഞ്ചിയമ്മ:-എന്താ! ആനന്ദം നിൻെറ മുഖത്തു് ഒരു വിളർച്ച ഈയിടെയായിട്ട്.

ആനന്ദം:-കൊച്ചമ്മയ്ക്കു് അങ്ങനെയൊക്കെ ചോദി ക്കാം. ആനന്ദം കെടന്നു് പെടണപാട്ട് ഇന്നു് ആരറിയാ നുണ്ടു്; ഉടയതമ്പുരാനല്ലാതെ.

കുഞ്ചിയമ്മ:-എന്താടീ പെണ്ണേ ഇങ്ങനെ കോർവാക്ക പറയുന്നതു്? നിന്നോടൊള്ള അരുമകൊണ്ടു് ചോദിച്ചതല്ലേ.

ആനന്ദം:-കുഞ്ഞുകൊച്ചമ്മയോടൊള്ള അരുമ എത്രയൊക്കെ ആയാലും ആനന്ദത്തിനോട്ടു വരുമോ? രാപകലു കെടന്നു് ഊതല്ലേ പാതകത്തിനടുത്തു്.

കുഞ്ചിയമ്മ:-(മന്ദസ്മിതത്തോടെ)ഊത്തു കുറെ കുറെയെടീ പെണ്ണേ! നല്ല ഉണങ്ങിയ വെറവല്ലേ?

ആനന്ദം:-കൊച്ചമ്മയ്ക്കു് അങ്ങനെഒക്കെ പറയാം, ഊതിയെങ്കിലേ തീനാക്ക പുറത്തുവരു കൊച്ചമ്മ. അത്രയ്ക്ക കെട്ടജാതി വിറകായിതു്.

കുഞ്ചിയമ്മ:-(പുഞ്ചിരിച്ചുകൊണ്ടു്)തിയ്ക്കൂത്തു് വളരെക്കേടാ ദേഹത്തിനു്. വയറു തീരെ പൊട്ടും. ക്ഷയം പിടിച്ചപോലാകും. പൊൻപണി മേസ്തരിമാരെ നോക്കു്.

ആനന്ദം:-എൻെറ കൊച്ചമ്മ എന്നാ അതു തീരെ നിത്തിദയക്കാം. അപ്പോൾ വയറു വീത്തു കൊഴത്തു് മിനുങ്ങും. വയറു കനത്താലും മല്ലാ.

കുഞ്ചി:-ഏതായാലും വയറു കനപ്പിക്കാതെ സൂക്ഷിച്ചോളണം. കൊച്ചുപെണ്ണല്ലേ നീയ്. ആകട്ടെ നിനക്കൊരു സംബന്ധാലോചന വന്നിരിക്കുന്നു. നിനക്കിഷ്ടമാണോ? കേൾക്കട്ടെ.

ആനന്ദം:-എൻെറ കൊച്ചമ്മോ! ഞാൻ തന്നെയായിട്ടു് ഇവിടെ കെടക്കപ്പൊറുതിമുട്ടി. അങ്ങനെ ഒരുത്തൻ വന്നാൽ ഒരു മല്ലുംകൂടെ. വേണ്ട കൊച്ചമ്മോ വേണ്ട. ഒന്നും കൂടാതിരിക്കയാ ഭേദം.

കുഞ്ഞിയമ്മ:- അതെന്താടീ കഴുതപ്പെണ്ണേ! സംബന്ധം ചെയ്താ പിന്നെ നല്ല സുഖമല്ലേടി.

ആനന്ദം:- പിലാവേല് ചക്ക പൊട്ടിയിറങ്ങുന്നതു പോലെ തുരുതുരെ പെറുകൂട്ടാൻ. ഇപ്പോൾ കിട്ടുന്ന റേഷനേ ഒരാളിനു പോരാ. പിന്നെ കുഞ്ഞുങ്ങളുണ്ടായാൽ അവരെ എങ്ങനെ തീററിപ്പോററാനാ. ദൈവം പ്രസാദിച്ച് റേഷൻ വേണ്ട. ആനന്ദം പൊറുതിമാറിയാപ്പിന്നെ അതൊക്കെമോ?

കുഞ്ഞിയമ്മ:-നീ അതൊന്നും അറിയേണ്ട. ഒരാൾ എൻെറ അടുത്ത് ശുപാശ് ചെയ്യുകയാ ഈയിടെ.

ആനന്ദം:-ആരാ കൊച്ചമ്മാ ആ ഗന്ധർവ്വൻ. പേരു കേക്കട്ടെ.

കുഞ്ഞിയമ്മ:-ആനന്ദത്തിനു പററിയ ആൾ. കാണാൻ ചന്തമുള്ള ആൾ. വണ്ണവും പൊക്കവും ഒന്നുമില്ല. ചരടു ചരടുപോലെ ഇരിക്കും. നല്ല പട്ടുശീലം.

ആനന്ദം:-എനിക്കു വേണ്ട കൊച്ചമ്മാ. ഒരുതരം ചരടൻ മൊളകൊണ്ട്. പഴത്താൽ പട്ടനെറമാണതിന്. ചുണ്ടത്തു വയ്ക്കാൻ മേലാ. എരിപ്പിൻെറ കൂടുതൽ അതു കട്ടിയാ. ആ ജാതി ഗന്ധർവ്വന്മാരെ ആനന്ദത്തിനു വേണ്ട.

കുഞ്ഞിയമ്മ:- എടീ കഴുതേ! പേരു കേക്കും മുമ്പേതന്നെ നീ മുഖത്തു കയറിവന്ന മഹാലക്ഷ്മിയെ തുത്ത് എറിയുന്നോ?

ആനന്ദം:- എന്നാലും ആ ചരടൻ മുളകുജാതിതന്നല്ലോ. കണ്ടാലിത്ര മേനിമിനുപ്പും വണ്ണവും പൊണ്ണവും ഒക്കെ വേണ്ട കൊച്ചമ്മാ നമ്മടെ കൊച്ചുങ്ങുന്നിനെപ്പോലെ.

കുഞ്ചിയമ്മ:-(തല കുലുക്കിക്കൊണ്ടു്) അവിടം പറയെടീ! നിനക്കു് കൊച്ചമ്മാനെപ്പോലെ ഒരാളുമതി അല്ലേ?

ആനന്ദം:-ആനന്ദത്തിനു് അങ്ങനെ ഒരുത്തനെ കിട്ടാൻ പോണെന്നു തോന്നും പറയുന്നതുകേട്ടാൽ.

കുഞ്ചിയമ്മ:-(ചിരിച്ചുകൊണ്ടു്) നമ്മുടെ ഉണ്ണിപ്പിള്ളേ നീ അറികയില്ലേ?

ആനന്ദം:-ങ! ഇതിനാരുണാ ഇത്രവലരെ പാടകവും പുനസ്സുരുടിയും കൊണ്ടുവന്നതു് കൊച്ചമ്മാ. ആ ഒലക്കമാടൻകഴവടിയാനെ കൊണ്ടു ചുടണം കൊച്ചമ്മാ. കണ്ടത്തിൻെറ വരമ്പത്തു് കോലംവയ്ക്കാൻകൊള്ളുമയാളെ. എൻെറ അട്ടത്തെങ്ങാനും കണ്ടാൽ കാക്കിച്ചൊരു തുപ്പു കൊടുക്കും ഞാൻ. അത്തരമൊരു കാമദേവനാണെങ്കിൽ ആനന്ദം ചുമ്മാതിരുന്നേക്കാം. ഇവിടത്തെ അടുക്കളെയിലേ ഉൗത്തുസേവമതി.

കുഞ്ചിയമ്മ:-ആകട്ടെ നിനക്കു നാടകക്കമ്പിനിയിൽ ചേരാൻ ഇഷ്ടമുണ്ടോ? ഉണ്ടെങ്കിൽ വേഗം പറഞ്ഞേക്കു്.

ആനന്ദം:- (പുഞ്ചിരിയോടെ ഒരു നിമിഷം ആലോചിച്ചിട്ടു്) അതു പിന്നേം ഭേദമാ കൊച്ചമ്മാ, ഇത്തരം അന്ത്രാളങ്ങളോട്ടു് എന്നചേരുന്നതിൽ ഭേദം. ഒന്നുമില്ലെങ്കിൽ നല്ല പെണ്ണുങ്ങളും ആണുങ്ങളുമായി കൂട്ടുകൂടി നാടകത്തിലെങ്കിലും കളിക്കാം.

കുഞ്ചിയമ്മ:-ആകട്ടെ നിൻെറ ആഗ്രഹം സാധിച്ചു തരാം. ഉണ്ണിയോട്ടു് ഞാൻ പറഞ്ഞുനോക്കട്ടെ. നിന്നെക്കൂടെ എടുക്കാമോ എന്നു്.

ആനന്ദം:-അതു് ഒരു കാര്യമാണോ കൊച്ചമ്മാ. കൊച്ചുകൊച്ചമ്മാ വേണ്ടന്നുവച്ചു് കണ്ടജാതി നടക്കുന്ന

അങ്ങേരൊരാണ്ടോ ആനന്ദത്തിനെക്കൂടെ എടുക്കാൻ പോണു? മടിക്കെല്ലാം ജയിച്ചിട്ട്, വയസ്സുമറിഞ്ഞു് കൊച്ചങ്ങന്നിനുവേണ്ടി പച്ചവെള്ളംപോലെ ദാഹിച്ചുമോഹിച്ചിരിക്കുന്ന ആ കൊച്ചുകൊച്ചമ്മ! എന്തുചെയ്യാനാ ആണുങ്ങളിങ്ങനെ വഴിപിഴച്ചുപോയാൽ. എത്ര തുടുതുടുപ്പൻ പെണ്ണുങ്ങളാ ആ നാടകക്കമ്പനിയിൽ വന്നുംപോയും ഇരിക്കുന്നതു്, കൊച്ചമ്മ! കൊച്ചങ്ങന്നുതന്നെയാ അവൾക്കെല്ലാം ശമ്പളോം പടീം കൊടുക്കുന്നതു്. അതിനുമൊരു യോഗാ വേണ്ടേ.

കുഞ്ചിയമ്മ:- ആകട്ടെ. നിൻെറ വയററിലെന്താടീ ഈയ്യിടെ വല്ലാത്തൊരു വീർപ്പു്!

ആനന്ദം:-നല്ല മുണ്ടകൻനെല്ലിൻെറ ചോറും നല്ല നല്ലകൂട്ടാനും, ഇടയ്ക്കിടെ പാലും കാപ്പീം, പലഹാരവും, എന്താ കൊച്ചമ്മ ഇവിടൊരു കൊറവു്. അപ്പോളിങ്ങനെയൊക്കെ വീൎത്തുമിൻങ്ങാതെങ്ങനെയാ. പ്രായോം കഴിഞ്ഞിട്ടില്ല കൊച്ചമ്മ! ഇതെൻെറ സുഖക്കേടാ!

കുഞ്ചിയമ്മ:-നീ വല്ല ഡോക്കുറന്മാരെയും കണ്ടു് മരുന്നുവാങ്ങി കുടിക്കണം. എന്താണെന്നുവച്ചാൽ മരുന്നിനും മറവും ചക്രംതരാം.

ആനന്ദം:-(ചിരിച്ചുകൊണ്ടു്) ആ കുഞ്ഞെന്തുപറയുന്നു കൊച്ചമ്മാ! ഇന്നാളു് പകൽ മാററിണി കാണാൻ പോയതല്ലേ. അപ്പോ അതിനടുത്തു് ഒരു ഡോക്കുരുടെ ആപ്പീസൊണ്ടു്. അവിടെ ചെന്നപ്പം ഡാക്കുരവിടെ ഇല്ല. കമ്പോണ്ടരോടു് കാര്യംപറഞ്ഞു. അയാശം പറഞ്ഞു സുഖക്കേടു തുടങ്ങിയതേയുള്ളു. ഡാക്കുർ വന്നിട്ടു കുടിക്കാൻ മരുന്നുതരാം ഇപ്പോ ഒരു മരുന്നിനു കറിച്ചുതരാം. അ

ത്തു വാങ്ങിച്ച് ഉപയോഗിച്ചില്ലെങ്കിൽ അപകടമുണ്ടാകും. എന്നിട്ട് അയാൾ ചിരിച്ചോണ്ട് ഒരു കടലാസിൽ മരുന്നിൻെറ പേരു് കുറിച്ചുതന്നു. അടുത്ത മരുന്നുഷാപ്പിൽ അതുകൊണ്ടു് കാണിച്ചപ്പോൾ അവരു് ചിരിയും തുടങ്ങി. അത്യാവശ്യമാണെങ്കിൽ രണ്ടുരൂപ കൊടുത്താൽ ഒരെണ്ണം തരാമെന്നുപറഞ്ഞു. രൂപ ഇല്ല. കൊണ്ടുവരാം എന്നുപറഞ്ഞു് ഇങ്ങുപോന്നു് മാററിണീം കണ്ടിട്ട്.

കുഞ്ഞിയമ്മ:-എന്തോന്നാടീ ആ മരുന്നിൻെറ പേരു്.

ആനന്ദം:-ഞാനതു് കൊച്ചുകൊച്ചമ്മേക്കൊണ്ടു് വായിപ്പിച്ചു. ബത്തു് കൺട്രോൾ അപ്പ—രട്ട—സ്സ് എന്നും പറഞ്ഞു് അതു ചിരിയും തുടങ്ങി. എന്തൊരട്ടയോ?

കുഞ്ഞിയമ്മ:-അതു് മരുന്നായിരിക്കകില്ലെടീ! ആ വഷളൻ കമ്പോണ്ടർ നിന്നെ കളിപ്പിക്കാൻ എന്തോ കുറിച്ചു തന്നുവിട്ടതാ.

ആനന്ദം:-അങ്ങനെയല്ല കൊച്ചമ്മാ. അതു് ഒള്ളതു തന്നെ. കൊച്ചുകൊച്ചമ്മ പറഞ്ഞു അങ്ങനെ ഒരുക്രൂട്ടം ഒണ്ടെന്നു്. എങ്കിലും അതു് ചിരിയോടു ചിരി. ആനന്ദം അവക്കു്, അതു ക്രൂടിയേ തീരുവോ എന്നു ചോദ്യമിട്ടു പിന്നെ.

കുഞ്ഞിയമ്മ:-(ചിരിച്ചുതകത്തുകൊണ്ടു്) ആവോ! എന്തോ! അവളോടു ചോദിച്ചാലറിയാം നേരെല്ലാം.

(കർട്ടൻ)

# VI

(ബാങ്കർ തൊമ്മിയുടെ ഭവനം—തൊമ്മിയും യൗവ്വനയുക്തയായ ക്ലാരക്കുട്ടിയും പാറുക്കുട്ടിയും ഓരോ കസാലയിൽ ഇരിക്കുന്നു.)

തൊമ്മി:-ഒന്നുകൊണ്ടും ദുഃഖിക്കണ്ട പാറുക്കുട്ടിഅമ്മാ! നിങ്ങൾ രണ്ടുപേരുംകൂടെ മഠത്തിൽ പോയി ചേരിൻ. അവിടന്ന് കാളേജിൽ ചേന്ന് പഠിപ്പിക്കും. ഇൻറർ ജയിക്കണം നല്ലോണം. പിന്നീട്ട് മെഡിക്കൽ കാളേജിൽ ചേക്കും.

ക്ലാരക്കുട്ടി:-മതം മാറേണ്ടിവരുമോ എന്നു പേടിയാ പാറുക്കുട്ടിഅമ്മയ്ക്ക് അതൊന്നും ഇക്കാലത്തു കൂട്ടാക്കാനില്ലെന്നു ഞാൻ പറഞ്ഞു.

തൊമ്മി:-എപ്പോഴും ആക്കും ഏതു മതവും മാറാം. അതാണ് കാലസ്ഥിതി. മതം മാറണമെന്നു പറഞ്ഞാൽ മാറിയാലെന്താ. ഏതായാലും അച്ഛനും അമ്മയും അറിഞ്ഞാൽ വിടൂല്ല പഠിക്കാൻ. ഉണ്ണിത്താനദ്ദേഹത്തിനെക്കൊണ്ട് ഒരു ഗുണവും ഇനി ഉണ്ടാകാനുമില്ല. അതിയാൻ നാടകമായി, കള്ളുഷാപ്പുകളായി, ഒരു കണ്ടമാനക്കാരനായി കഴിഞ്ഞു. ഒരു കണക്ക് ഇവിടെ ഉള്ളതു വലിയ രക്ഷ. രണ്ടാമതൊരു ഇരുപതിനായിരത്തിന് പണയാധാരം ഡിപ്പോസിററു ചെയ്തിട്ടുണ്ട്. അതിൽ കാൽ പങ്കേ കൊടുത്തിട്ടുള്ളു. മുക്കാലും ഇവിടെ നിലയാ. അതിൽനിന്നു കുഞ്ഞിനുവേണ്ട പണം ഞാൻ അയച്ചുതന്നുകൊള്ളാം. പഠിക്കാനല്ല. മതവും മററും മാറണമെന്ന് ഞാൻ പറയുകയില്ല. അതൊക്കെ യുക്തംപോലെ,

പാറുക്കുട്ടി:-എന്നാൽ ഞങ്ങൾ ഇന്നുതന്നെ പുറപ്പെട്ടുകൊള്ളട്ടെ.

ക്ലാരക്കുട്ടി:-തൊമ്മിഅച്ചായൻ ഒന്നു മൂളാത്ത കുററം ഞങ്ങൾ പുറപ്പെടാൻ.

തൊമ്മി:-ഉടനെ വേണ്ട പണം തന്നയയ്ക്കാം. മാസംമാസം വേണ്ടതു മഠത്തിലോട്ട് അയച്ചുകൊള്ളാം. അവര് എല്ലാചെലവിനും പണം അവിടുന്നു തന്നുകൊള്ളും. അതാണവിടുത്തെ മുറ. ഇന്നു വൈകുന്നേരത്തെ എക്സ്പ്രസ്സിനുതന്നെ ടിക്കറെറടുത്തോളിൻ.

പാറുക്കുട്ടി:- അങ്ങനെതന്നെ. വളരെവളരെ താങ്ക്സ്.

(രണ്ടുപേരും പോകുന്നു)

തൊമ്മി:-(സ്വയം) പഠിക്കാൻ താല്പര്യമുള്ള കുട്ടികൾ. ക്ലാരയ്ക്കു ഞാനല്ലാതെ മററു ശരണമില്ല. മററെ കുട്ടിക്കു സ്വത്തു കണക്കില്ലാതെ. ഉടയക്കാക്കു ചെലവിടാൻ മനസ്സില്ല. ഭർത്താവു് ആ കുട്ടിയെ മറന്നുംകളഞ്ഞു. അയാൾ സുബോധമില്ലാതെ കുടിച്ചു മദിച്ചു വെറും പെൺഗ്രസ്സായി നടക്കുന്ന ഒരു ഹെൻപെഡ്മാൻ. ഞാൻ ഇങ്ങനെ പാറുക്കുട്ടിയമ്മയെ സഹായിച്ചാൽ അതിൻെറ വക സ്വത്തിൻെറ ആദായംകൊണ്ടെങ്കിലും ഉണ്ണിത്താൻെറ കടങ്ങൾ പരിഹരിച്ചു പണയവസ്തുക്കൾ ശുദ്ധമാക്കിക്കൊടുക്കാൻ സാധിക്കും. അയാളും ആൾ നല്ലവനാ. തല തിരിഞ്ഞു പോയതേയുള്ളു.

(കർട്ടൻ)

# VII

(കേശവനുണ്ണിത്താനും കുസുമവേണി എന്നൊരുനടിയും ഓഫീസ്കസാലയിൽ ഇരിക്കുന്നു. രംഗം—കേശവനുണ്ണിത്താൻെറ നാടകക്കമ്പിനി ആഫീസ്)

കേശവനുണ്ണി:-ഭവതിയെ ഇപ്പോഴെങ്കിലും പരിചയപ്പെടാൻ ഇടയായതിൽ വലിയ ഭാഗ്യമെന്നു കരുതുന്നു.

കുസുമവേണി:-(മന്ദഹാസത്തോടെ)അവിടത്തെ പ്രസിദ്ധി ഈ രാജ്യത്തിനു പുറമെയെങ്ങും വളരെ വ്യാപിച്ചിരിക്കുന്നു. ഒന്നു വന്നു കാണണമെന്നു വളരെ നാളായി ആഗ്രഹിക്കുകയാ. ഇന്ന് ആ ആശ സഫലമായി.

കേശവനുണ്ണി:-ഭവതി ഈ കമ്പിനിയിൽ ചേരാൻ തീരുമാനിച്ചു വന്നിരിക്കയാണല്ലൊ. കൂടെ ആരെങ്കിലും സഹായത്തിനു വന്നിട്ടുണ്ടോ?

കുസുമവേണി:-ഞാൻ വിവാഹിതയാണ്. എൻെറ ഭത്താവു കൂടെയുണ്ടു്.

കേശവനുണ്ണി:-(പ്രസന്നമുഖനായിട്ടു്) വിവാഹിതരായ നടീനടന്മാരെയാണ് എനിക്കു കൂടുതൽ ഇഷ്ടം. അവിവാഹിതരാണെങ്കിൽ എനിക്കു് അവരെ സൂക്ഷിക്കേണ്ട ഭാരംകൂടെ വന്നുചേരുന്നു. ഭവതിയുടെ ഭത്താവു കൂടെ ഉള്ളതു വലിയ സമാധാനത്തിനു വകയായി. കുട്ടികൾ എത്രയുണ്ടു്?

കുസുമവേണി:-അക്കഥ എന്തു പറയുന്നു. പ്രസവമേ ഉണ്ടായിട്ടില്ല. ഇനി അതുണ്ടാവാനും ഇടയില്ല.

കേശവനുണ്ണി:-(അത്ഭുതം നടിച്ചുകൊണ്ടു്) അതെന്തുകൊണ്ടു്?

കുസുമവേണി:-അതു് അങ്ങനെഒക്കെ ആണെന്നു മനസ്സിലാക്കിയാൽ മതി. എനിക്കു പ്രസവവേദന വലിയ ഭയമാ.

കേശവനുണ്ണി:-(ജിജ്ഞാസയോടെ) അതു് എന്തുകൊണ്ടു്?

കുസുമവേണി:-(പുഞ്ചിരിച്ചുകൊണ്ടു്)അതങ്ങനെയാ.

അവിടത്തോടു തുറന്നു പറഞ്ഞേക്കാം. ഞാൻ മദ്രാസ് ജനറലാശുപത്രിയിൽചെന്നു് ഓവറി റിമൂവ് ചെയ്യിച്ചു കളഞ്ഞു. ഇനി ഗർഭശങ്കയെ ആവശ്യമില്ല.

കേശവനുണ്ണി:-കുടുംബപ്രാരബ്ധം നന്നേ കുറയും. ഇങ്ങനെയുള്ളവർ നല്ല താരങ്ങളായി ശോഭിക്കും. പ്രസവം കൊണ്ടു ശരീരത്തിനു ദോഷം സംഭവിക്കും. ശരീരത്തിൻെറയും മുഖത്തിൻെറയും ഓജസ്സും കുറയും.

കുസുമവേണി:- അങ്ങു നടനകലാ വിദഗ്ദ്ധനാണെന്നുജനങ്ങൾ പറയുന്നതു വൃഥായല്ല.

കേശവനുണ്ണി:-ആകട്ടെ, ഞാൻ എന്തു ശമ്പളം തരണം. പീസ്‌വർക്കായിട്ടു് ഓരോ കളിക്കും അഡ്വാൻസായി തരണമോ? സ്ഥിരമായ ശമ്പളം വേണമോ?

കുസുമവേണി:-പീസുവർക്ക് ഏർപ്പാടാണു് എനിക്കു ലാഭം. മററതു് അവിടുത്തേയ്ക്കും. എന്നാൽ അവിടുത്തോടു് വെറും ബിസ്സിനസ്സ് ബേസിസ്സിൽ സംസാരിക്കാൻ ഈ മുഖത്തു നോക്കിയതിൽ എനിക്കു തോന്നുന്നില്ല.

കേശവനുണ്ണി:-ഒരു കളിക്കു് എന്തു ചാർജ്ജാ സാധാരണ?

കുസുമവേണി:-ആയിരം രൂപയാ. അങ്ങു് അര ചാർജ്ജ് മാത്രം തന്നാൽ മതി. മാസത്തിൽ 15 കളിയിൽ കുറ

യാതെയുണ്ടെങ്കിൽ 5000 രൂപാ മാസശമ്പളം തന്നേക്കണം. അതുകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. ഇതു് അങ്ങയോടു തോന്നുന്ന സ്നേഹം പ്രമാണിച്ചുള്ള കരാർ ആണു്. ഈ റേറവ് എത്രയും ബിസിനസ്സ് സീക്രട്ട് ആയിരിക്കണം.

കേശവനുണ്ണി:-ആകട്ടെ ഞാൻ അങ്ങനെ ചെയ്യാം. താമസത്തിന് എന്തു ഏപ്പാടാണു്?

കുസുമവേണി:-ഭത്താവു് വന്നുംപോയുമേ ഇരിക്കുകയുള്ളു. ഒരു പ്രത്യേക വീടു തന്നാൽ ഈ പരിചയമില്ലാത്ത നാട്ടിൽ ഞാൻ ഒരു സ്ത്രീ തനിയെ താമസിക്കേണ്ട അവസ്ഥ ഒന്നു് ആലോചിച്ചുനോക്കണം. ഇവിടെ ക്വാർട്ടേർസ് ഇല്ലേ?

കേശവനുണ്ണി:-(സന്തോഷത്തോടെ) ഉണ്ടു്. ഉണ്ടു്. അങ്ങനെയാണെങ്കിൽ ഇവിടെ എല്ലാ സൗകര്യങ്ങളും ചെയ്തുതരുന്ന ഭാരംകൂടി ഞാൻ ഏററിരിക്കുന്നു. നമ്മൾ നടികളും താരങ്ങളും നാടകക്കമ്പിനി ഉടമസ്ഥരും ഒക്കെ എപ്പോഴും ഒന്നിച്ചു സഹകരിക്കുന്നവരാ. അതുകൊണ്ട് ആളുകൾക്കു് ഒന്നും പറയാൻ കാര്യമില്ല.

കുസുമവേണി:-പറഞ്ഞാലും അതൊന്നും അത്ര ഗൗനിക്കുന്ന കൂട്ടത്തിലല്ല ഞാൻ. പോരെങ്കിൽ ഭത്താവുംകൂടെ ഉണ്ടു്. അദ്ദേഹത്തിനു് ആഫീസിലെ ഒരു ഉദ്യോഗം കൂടെ കൊടുക്കാൻ സൌകര്യം കാണുമോ? ശമ്പളം വേണമെന്നില്ല. അതു നാംതമ്മിലുള്ള അണ്ടർസ്റ്റാൻഡിംഗിലാണു്. ഓണററി ആയി ജോലി ചെയ്തുകൊള്ളും.

കേശവനുണ്ണി:-ഓഹോ അങ്ങനെ ആവാം. ഇപ്പോൾ ഭത്താവു് എവിടെ ഇരിക്കുന്നു?

കുസുമവേണി:-അദ്ദേഹം ആ വലിയ ഹോട്ടലിലെ ഒ

ദുമുറിയിൽ താമസിക്കുന്നു. അങ്ങയോട്ട് സെററിൽമെന്റു വരുത്തി ചെല്ലാമെന്നുപറഞ്ഞു പോന്നതാ.

കേശവനുണ്ണി:-ഇവിടെ വന്നാ സ്ഥിതിക്കും, നാംതമ്മിൽ സ്നേഹിച്ചസ്ഥിതിക്കും ഇവിടെ കുളിക്കും, ഭക്ഷണത്തിനും, വിശ്രമത്തിനും ഒക്കെ സൌകര്യം ഉണ്ടു്. അകത്തുപോയി വേണ്ടവിധം ആ സൌകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊള്ളാം.

കുസുമവേണി:-അങ്ങയുടെ ഭാര്യ—"

കേശവനുണ്ണി:-അക്കാര്യം ചോദിക്കരുതേ! അക്കാര്യത്തിൽ തെല്ലു നിരാശ പററിയ ആളാണീ മൊതലാളി.

കുസുമവേണി:-കഷ്ടം! എല്ലാ വിധത്തിലും ഈശ്വരൻ അനുഗ്രഹിച്ചിരിക്കുന്ന അവിടുത്തേയ്ക്കു് ദൈവം കുടുംബസൗഖ്യം നിരോധിച്ചുകളഞ്ഞതു് എൻെറ ഹൃദയത്തെ വല്ലാതെ തപിപ്പിക്കുന്നു. എല്ലാ സൗഭാഗ്യങ്ങളും ആൎക്കും തന്നെ ഒത്തുകിട്ടി എന്നുവരികയില്ല. ഒരു എളിയ സുഹൃത്തിൻെറയും സോദരിയുടെയും നിലയിൽ അങ്ങയുടെ ജീവിതം സുഖതരമാക്കിത്തീൎക്കുവാൻ ഇന്നുമുതൽ തന്നെ ഞാൻ യത്നം ആരംഭിക്കാം. ഇതൊരു ദുഃസ്വാതന്ത്ര്യമെന്നു് അങ്ങു വ്യാഖ്യാനിച്ചേക്കരുതു്. അനസൂയയെപ്പോലെ പതിവ്രതാധൎമ്മത്തിൽ ഇതഃപര്യന്തം ജീവിച്ചുപോന്ന ഒരാളാണു് ഞാൻ.

കേശവനുണ്ണി:-(ചിന്താപരവശനായിട്ടു്) എല്ലാം ഭവതിയുടെ ഇഷ്ടംപോലെ. എൻെറ അവസ്ഥ തുറന്നുകാണിച്ചു, അങ്ങു് ഏല്പിച്ചുകഴിഞ്ഞു.

(കുസുമവേണി കേശവൻഉണ്ണിത്താനെ നോക്കി മന്ദസ്മിതം ചെയ്യുന്നു.)

(കർട്ടൻ)

# VIII

(കണ്ടമംഗലത്തു ഭവനത്തിന്റെ പൂമുഖം. കുഞ്ചുനായരും കുഞ്ചിയമ്മയും ഒരു സോഫായിൽ അടുത്തടുത്ത് ഇരിക്കുന്നു. ഉണ്ണിപ്പിള്ള സമീപത്തിൽ നിൽക്കുന്നു.)

കുഞ്ചിയമ്മ:-ഉണ്ണിപ്പിള്ളക്കൂടെ അറിയാതല്ലേടാ ഇപ്പണി. താനിവിടെ ഈ പണി എടുത്തതു് ഒട്ടും യോഗ്യതയായില്ല.

ഉണ്ണിപ്പിള്ള:-ഉണ്ണിപ്പിള്ള മനസ്സറിഞ്ഞതല്ലേ കൊച്ചമ്മാ. ആ ക്ലാരക്കുട്ടി വല്ലപ്പോഴുമൊരു കാപ്പിക്കു വക തരും. അതുകൊണ്ടു്, അവിടെ കാലുകുത്താറുണ്ടു് വല്ലപ്പോഴും.

കുഞ്ചുനായർ:-ഉണ്ണിപ്പിള്ളയോടു് എന്തിനു പരിഭവം പറയുന്നു! അയാൾ പിഴച്ചതല്ല. ആ ക്ലാരയാ ഇതിന്റെ ഒക്കെ കരിന്തൽ. അവൾ മതം മാറിക്കളയുമോ ദൈവമേ!

ഉണ്ണിപ്പിള്ള:-അതിനും ഇങ്ങനെ പൈത്യം പിടിച്ചാലോ. കരയില്ലാത്ത തനി തുളു എമ്പ്രാന്മാരാ അവിടത്തെ മടപ്പള്ളി. ഹോസ്റ്റലിലാ താമസം. ഒക്കെ ബ്രാഹ്മണവൃത്തി.

കുഞ്ചുനായർ:-അങ്ങനെയാണേൽ ചുമ്മാ പഠിക്കട്ടെ വള്. നമുക്കു ചക്രച്ചെലവുമില്ല.

കുഞ്ചിയമ്മ:-ഇത്രവല്യ വകക്കാരോ ആ മടക്കാരു്?

ഉണ്ണിപ്പിള്ള:-പിന്നെ ചോദിക്കാനൊണ്ടോ? ആ ക്ലാരക്കുട്ടി പറഞ്ഞു അമേരിക്കായിലെ കോടിപ്രഭുക്കളൊ പത്തും പതിനായിരവും ഒന്നിച്ചു യച്ചുകൊടുക്കുന്നതെന്നു്. വല്യ കുബേരപദവിയല്ലേ ആ മടപ്രത്തിനു്.

...HAR SMARAKA ...PARAKUZHA

കുഞ്ചിയമ്മ:-പള്ളിക്കൂടം അടച്ചാൽ വീട്ടിലോട്ടു വിടുമായിരിക്കും.

ഉണ്ണിപ്പിള്ള:-വഴിച്ചെലവും കൊടുത്തു വിടുകയാ പതിവ്, അത്രനല്ല മദാമ്മയാ മഠം നടത്തിപ്പ്.

കുഞ്ചിയമ്മ:-അവക്കെന്താ ഇങ്ങനെ ചെയ്താലൊരാദായം ഈ കുട്ടികളെക്കൊണ്ട്:

ഉണ്ണിപ്പിള്ള:-നമ്മുടെ കുട്ടികളെ പഠിപ്പിച്ചു നന്നാക്കി വിടണമെന്നേ അവക്ക് ഒരു ആഗ്രഹമുള്ളു.

കുഞ്ചുനായർ:-ശരി! താൻ നേരത്തെ പറഞ്ഞില്ലല്ലോടൊ. എങ്കിലിവിടെ പണം വാരിക്കോരി ചെലവിടാതെ കഴിക്കാരുന്നു.

ഉണ്ണിപ്പിള്ള:-പററിയ അമളി എന്തിനു വിളിച്ചു പാടുന്നു. ഇനിയെങ്കിലും അടങ്ങി ഒതുങ്ങി ഇരുന്നാട്ടെ ഇവിടെ. അതു പഠിച്ച് ബി. എ-യും, എം. എ-യും, എല്ലെഡിയും ഒക്കെ ജയിച്ച് നാലു കൈ ഉടുപ്പുമായി വന്നോട്ടെ. അപ്പോ അതിൻെറ ഗൊണം ഉണ്ണിപ്പിള്ളക്കല്ലെ.

കുഞ്ചിയമ്മ:-അതൊന്നുമല്ല. ഞങ്ങള് അന്ന് അറിയുന്നവരാ ഉണ്ണിപ്പിള്ളേ! ഇവിടെ എളമീന്നിനെ കാണാറൊണ്ടോ താൻ?

ഉണ്ണിപ്പിള്ള:-എന്തു കാണാനാ. പാണ്ടിന്ന് ഒരു 'കുത്തുമാരി' വന്നിരിക്കുന്നു, കമ്പനിയിലേയ്ക്ക്: അവളും ആപ്പീസിലാ ഊണും ഒറക്കവും.

കുഞ്ചുനായർ:-എനിക്കിങ്ങനെ ഒന്നും കേക്കണ്ടടോ? അവനെങ്ങനെയും പോട്ടെ. പൊകഞ്ഞകൊള്ളി പുറത്ത്.

കുഞ്ചിയമ്മ:-അതെന്തൊരു പേരെടോ?

ഉണ്ണിപ്പിള്ള:-താരങ്ങടെ പേരൊക്കെ അങ്ങനയാ. മുറിപ്പേരാ ഞാമ്പറഞ്ഞത്. മുഴുവൻ പേരങ്ങനെയല്ല. (ഓർമ്മിച്ചിട്ട്) കുശുമാരി വേണി.

കുഞ്ചിയമ്മ:-ഛേ, 'കുശു'വല്ലടോ. 'കുസു' എന്നായിരിക്കണം.

ഉണ്ണിപ്പിള്ള:-(ചിരിച്ചുകൊണ്ട്) എങ്ങനെയാ പിന്നെയീ വിചിത്ര പേരൊക്കെ ഓർമ്മിക്കുന്നത് എൻെറ കൊച്ചമ്മാ! കുസുമാരി വേണി.

കുഞ്ചിയമ്മ:-ഞാൻ കണ്ടല്ലോ ആ നോട്ടീസ്. കു—സു—മ—ഹാരി—വേണി. അതേ. അതുതന്നെ.

കുഞ്ചുനായർ:-എന്തോരു ഒലക്കപ്പേരോ? ഇതുങ്ങളെല്ലാം എവനെത്തേടി ഏതു ഗ്രഹേന്നെല്ലാം പറന്നെത്തുന്നു.

ഉണ്ണിപ്പിള്ള:-അതേ അങ്ങനെ! കാലം ഒക്കെ മറിഞ്ഞാ ഇപ്പോ? എന്തുചെയ്യാം, കാലത്തിനൊത്ത കോലം!

കുഞ്ചുനായർ:-എടോ, അവൻ വീണ്ടും ബേങ്കിലേയ്ക്ക് ഒരു പണയാധാരംകൂടെ എഴുതി എന്നു കേട്ടു.

ഉണ്ണിപ്പിള്ള:-പിന്നെ പണം വേണ്ടേ ഇവക്കൊക്കെ കൊടുക്കാൻ.

കുഞ്ചിയമ്മ: ഷാപ്പൊക്കെ എന്തായടോ?

ഉണ്ണിപ്പിള്ള:- അതൊക്കെ ദീപാളി കുളിച്ചു കഴിഞ്ഞേ!

കുഞ്ചുനായർ:-ആ കടകളുടെ കൂലി കിട്ടുന്നുണ്ടോ മുറയ്ക്ക്.

ഉണ്ണിപ്പിള്ള:-അതൊക്കെ ഇറക്കിപ്പണയം കൊടുത്തു തൊമ്മിക്കുഞ്ഞിന്. അയാളൊന്നു കേറിവരും.

കുഞ്ചുനായർ!-ഇങ്ങനെ ഉള്ള ദീപാളികുളിയന്മാർക്കു പണം കൊടുക്കാനും വേണ്ടേ ആളുകള്. നന്നായിവരട്ടെ അവരെങ്കിലും.

(കർട്ടൻ)

# IX

(കാൺവൻറ് ഹോസ്റ്റലിലെ ഒരു മുറി. പാറുക്കുട്ടിയും ക്ലാരകുട്ടിയും ഓരോകസാലയിൽ ഇരിക്കുന്നു.)

പാറുക്കുട്ടി:-ക്ലാരക്കുട്ടീ, സംവത്സരം അഞ്ച് എത്ര പെട്ടെന്നു പോയി. ഇൻറർ ജയിച്ചു; മെഡിക്കൽ കാളേജിലെ മൂന്നു വഷം കോഴ്സും കഴിഞ്ഞു. മൂന്നോ നാലോ മാസം കഴിഞ്ഞതുപോലയെ എനിക്കു തോന്നുന്നുള്ളു.

ക്ലാരക്കുട്ടി:-ഇന്നാളെന്നപോലെ ഇവിടെ വന്നുചേന്നുവെന്നേ എനിക്കും ഒരു തോന്നലുള്ളു. ഈ വെക്കേഷനും ഇവിടെ കഴിയണമെന്നാണോ ഉദ്ദേശം.

പാറുക്കുട്ടി:-നമുക്കു നാട്ടിലേയ്ക്കു് ഒന്നു പൊയ്ക്കളയാം. അവിടെയും വലിയ മാററങ്ങൾ വന്നിരിക്കുന്നല്ലോ ഇതിനകം. എൻെറ ഭത്താവ് എന്നെ തീരെ മറന്നേപോയി. അച്ഛനേയും, അമ്മയേയും, വീടിനേയും അങ്ങനെ തന്നെ. കണ്ടമാനം ജീവിക്കുന്ന സ്ത്രീകളുടെ കൂട്ടുകാരനായി പൊട്ടിപൊട്ടിക്കുകയാ,

ക്ലാരക്കുട്ടി:-കല്യാണക്കോടു പൊടിക്കും മുൻപു നമുക്ക് ആ കാഴ്ച ഒന്നു കാണാൻ ഒരു ഇമ്പം തോന്നുന്നില്ലേ?

പാറുക്കുട്ടി:-തീർച്ചയായും തോന്നുന്നുണ്ട്. ഒരുപക്ഷേ നമ്മെ കണ്ടാൽ അത്ര പെട്ടെന്നു തിരിച്ചറിയുമെന്നു തന്നെ തോന്നുന്നില്ല. ഒരു വിദ്യ പ്രയോഗിക്കാം. കണക്കിന് ഒന്നു പററിക്കണം അദ്ദേഹത്തിനെ. കുറെ പണം നമുക്കും തരട്ടെ.

ക്ലാരക്കുട്ടി:-മറെറാരു രൂപത്തിൽ ആ പണം തന്നെയല്ലേ ഇപ്പോൾ കിട്ടുന്നതും. ആളിനെ അറിയിക്കാതെ ഇച്ഛ്യായൻ കൈമാറി അയയ്ക്കുന്നു എന്നോ ഉള്ളല്ലോ?

പാറുക്കുട്ടി:-ഞാൻ പറയുന്നതു മുഴുവൻ കേൾക്കണം. ഞാൻതന്നെ ആ വേഷം കെട്ടി ആടാം. ക്ലാരക്കുട്ടി കണ്ടു രസിച്ചിരുന്നാൽ മതി.

ക്ലാരക്കുട്ടി:-അതെങ്ങനെയാ പാറുക്കുട്ടിയമ്മേ.

പാറുക്കുട്ടി:-ഞാനൊരു പരസ്യം ചെയ്തിരുന്നു പത്രങ്ങളിൽ —ബോംബെയിലും, മദ്രാസിലും, ബാംഗ്ളൂരിലുമൊക്കെ സിനിമയിലഭിനയിച്ചു പേരെടുത്ത പ്രസിദ്ധതാരം 'പാട്ടുകാരി പങ്കി' കേരളത്തിൽ പര്യടനം നടത്തുന്നതാണ്. ആ പ്രസിദ്ധ താരത്തിൻെറ സേവനം ആവശ്യമുള്ള മലയാളത്തിലെ നാടകക്കമ്പെനിക്കാർ അഡ്വാൻസു സഹിതം ഉടനെ ബുക്കുചെയ്യുക.

ക്ലാരക്കുട്ടി:-(ആശ്ചര്യത്തോടെ) അമ്പേ! സരസേ! ഇങ്ങനെ ഒരു പരസ്യം പല പത്രങ്ങളിലും ഞാൻ കണ്ടു. ആരുടേയോ പരസ്യം എന്നല്ലേ നിനച്ചത്. എന്നോടു പറയാതെ അടക്കത്തിൽ പ്രവൃത്തി ചെയ്തുകളഞ്ഞല്ലോ മിടുക്കീ. ഉദ്ദേശിച്ച ആളിൻെറ ആഡർ കിട്ടിയോ എന്നിട്ട്.

പാറുക്കുട്ടി:-കിട്ടാതെവിടെ പോവാനാ? ഇരുന്നൂററ മ്പതു രൂപയുടെ ഒരു ചെക്ക് അഡ്വാൻസും വന്നുകഴിഞ്ഞു.

ക്ലാരക്കുട്ടി:-നോക്കട്ടെ, നോക്കട്ടെ?

പാറുക്കുട്ടി:-(തൻെറ ട്രങ്കു തുറന്ന് ആധാരം ചെക്കും കാണിക്കുന്നു.) എന്താ, നല്ല വേലത്തരമല്ലേ?

ക്ലാരക്കുട്ടി:-കൊള്ളാം പണി പററിച്ചു. അടുത്തു കൂടിക്കൊള്ളൂ. ഈ വേഷത്തിലെങ്കിലും. പാറുക്കുട്ടിയെ വേണ്ടാത്ത ആളിന്ന് പാട്ടുകാരി പങ്കിയെ വേണ്ടിവരും.

പാറുക്കുട്ടി:-അതിനെന്താ. എൻെറ ഭർത്താവു തന്നെല്ലോ. ബാങ്കുമിച്ചം കുറെ വല്ലതും കണ്ടേക്കും. ഇല്ലെങ്കിൽ ഒരു പണയാധാരം കൂടെ എഴുതിച്ചോ എഴുതി വില്പിച്ചോ ക്യാഷായിട്ട് പിടുങ്ങാവുന്നിടത്തോളം പിടുങ്ങണം. കണ്ട പെണ്ണുങ്ങൾ തട്ടിക്കൊണ്ടു പോകുന്നതിൽ ഭേദമല്ലേ?

ക്ലാരക്കുട്ടി:-നല്ല ആലോചന. പാവപ്പെട്ട പാറുക്കുട്ടിക്ക് ഈ ഗൂഢതന്ത്രങ്ങളൊക്കെ എങ്ങനെ വശമായി എന്നാ എനിക്ക് അത്ഭുതം!

പാറുക്കുട്ടി:-എനിക്ക് ഇങ്ങനെ ഒക്കെ ഒന്നു തോന്നി. ഇനി ഏതായാലും താമസിക്കേണ്ട. നാളത്തെ മെയിൽവണ്ടിക്കു പുറപ്പെട്ടേക്കാം, നാട്ടിലേയ്ക്ക്.

ക്ലാരക്കുട്ടി:-വീട്ടിൽ ചെന്ന് അമ്മയേയും അപ്പനേയും അറിയിക്കണ്ടേ ഈ വിശേഷം അവരെ കണ്ടിട്ടും എത്ര വർഷമായി. കാണാൻ കൊതിച്ചിരിക്കയല്ലേ അവർ.

പാറുക്കുട്ടി:-ഈ ഘട്ടത്തിൽ പ്രത്യുന്നത വെളിപ്പെടുത്തിക്കൂടാ. ഏതോ ഒരു താരം എന്ന് എല്ലാവരും മനസ്സിലാക്കിയാൽ മതി.

ക്ലാരക്കുട്ടി:-നമുക്കുതമ്മിൽ കാണാമോ?

പാറുക്കുട്ടി:-വലിയ പരിചയം ഭാവിക്കേണ്ട.

ക്ലാരക്കുട്ടി:-ഇച്ച്ര്യായനോട്ട് പറയാമോ?

പാറുക്കുട്ടി:-വേണ്ട. ഈ രഹസ്യം നാം രണ്ടുപേരും മാത്രം അറിഞ്ഞിരുന്നാൽ മതി. ഈ ചെക്ക് ക്ലാരക്കുട്ടിയുടെ പേരിൽ ആഡർചെയ്തു തന്നേക്കാം. തൊമ്മിസാറിന്റെ ബാങ്കിലെ ചെക്കാണ്. ക്യാഷ്ചെയ്തോളണം.

ക്ലാരക്കുട്ടി:-എവിടെയാ താമസിക്കാൻ പോണത്?

പാറുക്കുട്ടി:- അതൊക്കെ കണ്ടോളണം കളികൾ. ഞാൻ പുള്ളിയെ കറക്കിയടിച്ചുകളയും ഈ പ്രാവശ്യം.

ക്ലാരക്കുട്ടി:- (പുഞ്ചിരിതൂകുന്നു.) പാറുക്കുട്ടിയമ്മേടെ മിടുക്കുകളൊക്കെ എനിക്കൊന്നു കാണണം. ആകട്ടെ നാടകത്തിൽ വേഷം കെട്ടുമോ?

പാറുക്കുട്ടി:-അതിനോ പ്രയാസം. പാട്ടും ഡാൻസും ഒക്കെ നേരത്തെ വശമാണല്ലോ എനിക്ക്. മനോധർമ്മം ഉള്ളവക്ക് ആക്റ്റ്ചെയ്യാൻ എന്താ വിഷമം?

ക്ലാരക്കുട്ടി:-ഒരു വലിയ താരമെന്നു കേട്ടാൽ ആ പാവത്തിന് വല്ല പിരിവും ശരിക്കു കിട്ടിയേക്കാനും മതി.

പാറുക്കുട്ടി:-അങ്ങനേയും ഗുണം ഉണ്ടാകും എന്നെക്കൊണ്ട്. പക്ഷെ അതും അതിൽ കൂടുതലും ഞാനിങ്ങ് തട്ടിക്കൊണ്ടുപോരും.

ക്ലാരക്കുട്ടി:-ഓ! മണി ആറടിക്കുന്നു. സന്ധ്യപ്രാത്ഥനയ്ക്കു സമയമായി. അമ്മമാർ പരിശോധനയ്ക്കു വരും. പാറുക്കുട്ടികൂടെ എന്റെകൂടെ പ്രാത്ഥിച്ചോളൂ. അവർക്കൊന്നും തോന്നണ്ട.

പാറുക്കുട്ടി:-ഓ! ഹോ! ഏതു മതത്തിലെ പ്രാൎത്ഥന യും എനിക്ക് ഒന്നുപോലെതന്നെ.

(രണ്ടുപേരും പ്രാർത്ഥിക്കുന്നു. Our Father in Heavenഎന്ന ബൈബിൾ പ്രാൎത്ഥന.)

(കർട്ടൻ)

# X

(രംഗം: നാടകക്കമ്പനിആഫീസിൻെറ പുറംഭാഗം. പാട്ടുകാരി പ ങ്കിയുടെ വേഷത്തിൽ പാറുക്കുട്ടി കൈയിൽ ഒരു ഹാൻഡ്ബാഗും ഒരു ലേ ഡീസ് അംബർലായുമായി പ്രവേശിക്കുന്നു. കൈയിലെ സാധനങ്ങൾ ഒരു മേശപ്പുറത്തു വെച്ചിട്ട് മണിപ്പേഴ്സിലെ മുഖക്കണ്ണാടിതുറന്ന് മുഖം നോക്കി സന്തുഷ്ടയായി മന്ദസ്മിതം തൂകുന്നു.)

പങ്കി:-(സ്വയം)പഴയ പാറുക്കുട്ടി എന്ന് ഇപ്പോൾ ആരും സംശയിക്കയേ ഇല്ല. പുതിയ മുഖം. ഓജസ്സും വള രെ കൂടുതൽ. താരങ്ങളുടെ പൗഡർ പൂശലിൻെറ ഗുണം ഇങ്ങനെയാ. പ്രായഭേദം കൊണ്ട് എൻെറ ശബ്ദവും മാ റിയിരിക്കുന്നു. ഇവിടെ ആരെയും കാണുന്നില്ലല്ലൊ.

(അവിടെയുള്ള ഒരു കസാലയിൽ ഇരുന്നിട്ട്—ഭിത്തിയിലെ കാൾ ബെല്ലിൻെറ ബട്ടൺ അമർത്തുന്നു.)

(ലാവണ്യമയിയായ കുസുമവേണി പ്രവേശിച്ച് പങ്കിയമ്മയ്ക്ക് ഹ സ്തദാനം ചെയ്യുന്നു.)

കുസുമവേണി:- സോദരിയാണോ 'ഗാനകോകിലം മിസ് പങ്കി.'

പങ്കി:-(ഹൃദയം കവരുന്ന പുഞ്ചിരിയോടെ)അതെ. അതെ. ഞാൻതന്നെ. ഭവതി?

കുസുമവേണി:-ഞാനാ മിസ് കുസുമവേണി ശശ്യാങ്കൻ.

പങ്കി:-(മന്ദസ്മിതത്തോടെ)കുയിൽനാദം, കുസുമവേണി. പേരു വളരെ പരിചിതം. ഭവതി ഇവിടെയുണ്ടെന്നു ഞാനറിഞ്ഞില്ല.

കുസുമവേണി:- ഇവിടത്തെ ആഫീസ്മാനേജ്മെന്റുംക്രുടി നമുക്കാ. സോദരിയെ കാണാൻ ഇടയായതിൽ വളരെസന്തോഷം ബുക്കിംഗ്ആർഡർ ചെയ്തതു് അദ്ദേഹത്തിൻെറ നിർദ്ദേശപ്രകാരം ഞാൻ തന്നെയാ. സോദരിയുടെ പേരു കേട്ടുതുടങ്ങിയിട്ടും പടങ്ങൾ പുറത്തുവന്നുതുടങ്ങിയിട്ടും വളരെക്കാലമായി. ഇന്നു തമ്മിൽ കാണാനും സൗഭാഗ്യം സിദ്ധിച്ചു.

പങ്കി:-അദ്ദേഹം അകത്തുണ്ടോ?

കുസുമവേണി:-ഇല്ല. പുറത്തു പോയിരിക്കയാ. വരു എൻെറ മുറിയിലേക്കു പോകാം. കുളിയും, കാപ്പികുടിയും കഴിയുമ്പോഴേയ്ക്കു് അദ്ദേഹം വരും.

പങ്കി:- എന്നാൽ അങ്ങനെയാവട്ടെ. ഇവിടത്തെ ബാത്ത്റൂം സൗകര്യമുള്ളതാണല്ലോ? ലാററി, ബാത്ത്, ടോയിലററ് ഇവ മൂന്നിനും സൗകര്യം ഉണ്ടായിരുന്നാൽ നന്നാ.

കുസുമവേണി:-വരു അതൊക്കെ ഞാനിവിടെ വന്നതിൽപ്പിന്നെ ശരിപ്പെടുത്തിയിട്ടുണ്ട്.

(രണ്ടുപേരും അകത്തേയ്ക്കു പോകുന്നു.)

(കർട്ടൻ)

# XI

(കുഞ്ചിയമ്മയും, ഉണ്ണിപ്പിള്ളയും. കുഞ്ചിയമ്മ ഒരു കസാലയിൽ, ഉണ്ണിപ്പിള്ള ഒരു ബെഞ്ചിൽ.)

കുഞ്ചിയമ്മ:-കൈയിലിരിക്കുന്ന ആ കടലാസെന്താ ഉണ്ണിപ്പിള്ളേ.

ഉണ്ണിപ്പിള്ള:-അതു നമ്മടെ കൊച്ചങ്ങത്തെ നാടക കമ്പെനിനോട്ടീസാ. വന്നു ചാടിയിരിക്കുന്നു കൊച്ചമ്മോ ഒരു പുതിയ താരം. കൊച്ചൊവാന്നി പങ്കി. വല്ല്യൊരു താരമാ അവരു്.

കുഞ്ചിയമ്മ:-പടം ഒണ്ടോടോ അതിനകത്തു്. നോക്കട്ടെ.

(ഉണ്ണിപ്പിള്ള നോട്ടീസ് കുഞ്ചിയമ്മയുടെ കൈയിലേക്കുകൊടുക്കുന്നു. കുഞ്ചിയമ്മ അതിലെ പങ്കിയുടെ പടം നോക്കി രസിക്കുന്നു.)

കുഞ്ചിയമ്മ:-എടോ! നമ്മടെ പാറുക്കുട്ടീടെ ഒരു ഛായ ഒണ്ടോടോ മുഖത്തിനു്. ഉണ്ണിപ്പിള്ളയ്ക്കു് അതു തോന്നീലേ.

ഉണ്ണിപ്പിള്ള:-ഓ ഛായ ഇരിക്കുന്നു. പിന്നെ കൊച്ചമ്മയ്ക്കു ആ കുഞ്ഞിന്റെ അടുത്തുകിടക്കുന്നു ജീവൻ മുഴുവനും. അതിനാ വിചാരം ഒട്ടില്ലതാനും. അതെവിടെയോ ആവോ. ആ ക്ലാരക്കുട്ടി വന്നിട്ടൊണ്ടെന്നു കേട്ടു. അതിനെ ഒന്നു കണ്ടു നമ്മടെ കുഞ്ഞിന്റെ കാര്യം ചോദിച്ചറിയാം വല്ല തുമ്പുമൊണ്ടായെന്നു്.

കുഞ്ചിയമ്മ:-എന്റെ ഉണ്ണിപ്പിള്ളേ! പെററ കൊടലല്ലേ ഇതു്. എന്തു സങ്കടം എനിക്കുണ്ടെന്നു് തനിക്കറിയാമോ? ആരോടു പറയുന്നു, ഇവിടത്തെ അങ്ങുന്നു പ്രാന്ത

നെപ്പോലെ പ്രാഞ്ചിപ്രാഞ്ചി നടക്കുകയാ. അവനും അവളും ഒന്നുപോലെ ഇങ്ങനെ വഴിതെററിപ്പോയല്ലോ? നോക്കണേ! കാലക്കേട്ട്.

ഉണ്ണിപ്പിള്ള:-ഇപ്പോ വന്നിരിക്കുന്ന ചരക്ക് കൊച്ചങ്ങന്നിനെ ശരിപ്പെടുത്തിക്കൊള്ളും. ഒരു പ്രത്യേകം കെട്ടിടത്തിൽ പാർപ്പാക്കിയിരിക്കയാ. ഊണിനും, തീനിനും ഒക്കെ. വെപ്പുകാരും വെപ്പുകാരികളും ആകെ വല്യ മേളം തന്നെ കൊച്ചമ്മാ! വല്യങ്ങന്ന് കേക്കുമ്പം പിന്നേം തുന്തിരിക്കൊള്ളും. അടയ്ക്കായോ മറേറാ ആണോ മടീൽ കുത്തിയിട്ടു നടക്കാൻ?

കുഞ്ചിയമ്മ:-ഈ കോകിലം പങ്കി കണ്ടാൽ നല്ല പെണ്ണാ. നല്ല അഴകായിരിക്കുന്നു. അന്തസ്സും ഒണ്ട് കണ്ടാൽ.

ഉണ്ണിപ്പിള്ള:-ആ കൊരക്കാഗാനം ഒരു വെറും പൊണ്ണത്തടിച്ചിയാ കൊച്ചമ്മ! പടത്തിലിങ്ങനെ ഒക്കെ ഒപ്പിച്ചുവയ്ക്കും. ഉണ്ണിയോടടുക്കുമ്പോളറിയാം ഉൗരിലെ പഞ്ഞം.

കുഞ്ചിയമ്മ:-താൻ അവരെ കണ്ടിട്ടൊണ്ടോടോ?

ഉണ്ണിപ്പിള്ള:-ഓഹോ. കളിക്കുമ്പോഴൊക്കെ നല്ലോണം കാണാരുതോ പിന്നെ.

കുഞ്ചിയമ്മ:- (ഊറിയ പുഞ്ചിരിയോടെ) താനീയിടെ അവളുടെ കമ്പനിയിൽ കൂടാറൊണ്ടെന്നു തോന്നുന്നു പതിവായിട്ട്.

ഉണ്ണിപ്പിള്ള:- (അഭിമാനസൂചകമായ ഒരു മന്ദഹാസത്തോടെ) ഉണ്ണിപ്പിള്ളയ്ക്കു് ഫ്രീപാസ്സല്ലേ കൊച്ചമ്മാ

തന്നിരിക്കുന്നതു്. എന്നോടു പറയാറുമുണ്ടു്, അമ്മാവനും അമ്മാവിയും ഇഷ്ടമുള്ളപ്പോഴൊക്കെ ഇങ്ങോട്ടു വന്നു് കളി കണ്ടോട്ടെ എന്നു്. വാതില്ക്കൽ നില്ക്കുന്നവരോടു് ചട്ടം കെട്ടീട്ടുണ്ടു് അങ്ങനും കൊച്ചമ്മയും ചെന്നാൽ ടിക്കറേറാ ചോദിക്കാതെ മുൻസീററിൽ കൊണ്ടിരുത്തണമെന്നു്.

കുഞ്ചിയമ്മ:-ഇത്രയെങ്കിലും പറയാൻ അവനു ഗുരുത്വം ഉണ്ടായല്ലൊ; അതുമതി. പാറുക്കുട്ടിയെക്കുറിച്ചു് ഒരന്വേഷണവും അവനില്ല ഇല്ലേ ഉണ്ണിപ്പിള്ളേ!

ഉണ്ണിപ്പിള്ള:-ആ കുഞ്ഞിനെ എങ്ങനെ ഓക്കാനാ ഇത്തരം പൊണ്ണത്തടിച്ചികളവിടെ രാപകൽ ഒന്നുപോലെ കേറിക്കെടന്നു വെളയാട്ടല്ലേമ്പാ.

കുഞ്ചിയമ്മ:-ഈ പങ്കിയെടെ കളി ഒന്നു കാണണം എനിക്കു്. ഒരു ദിവസം അങ്ങോട്ടു പോണം നമുക്കു്. ഇവിടെ അക്കാര്യം കേട്ടാലേ ദേഷ്യമാ. പൂക്കുലക്രുടാതെ വിറയൽ തുടങ്ങും.

(ആനന്ദം പ്രവേശിക്കുന്നു. ഉണ്ണിപ്പിള്ളയെക്കണ്ടു കോപത്തോടുക്രുടി നോക്കുന്നു.)

ഉണ്ണിപ്പിള്ള:- എന്താ ഇക്കുഞ്ഞിനൊരു കെർവ്വു പോലെ.

കുഞ്ചിയമ്മ:-ഇയ്യിടെയൊക്കെ അങ്ങനെയാ അവൾക്കു്. ആനന്ദം നീ പാട്ടുകാരി പങ്കിയുടെ കളികാണാൻ വരുന്നോ?

ആനന്ദം:-അയ്യേ! പങ്കം! എന്തൊരു പോക്കണം കെട്ട വർത്തമാനമാ കൊച്ചമ്മാ ഇതു്. പോരെങ്കിൽ ഈ മൂത്താരുക്രുടെ അടുത്തിരിക്കുന്നതു് ഇത്ര ഓർമ്മയില്ലിയോ?

ഉണ്ണിപ്പിള്ള:-(കോപാന്ധനായിട്ട്) കാര്യം ഒക്കെ ശരിയാ കേട്ടോ! നിനക്കു ശകലം വല്ലതും ഉണ്ടെങ്കിൽ അതിൻെറ ഹുങ്ക് ഇങ്ങോട്ടെടുക്കേണ്ട. അങ്ങു വച്ചേരെ! മൂത്താര്യ്യ!നിൻെറ മൂത്താക്കരങ്ങാരാടീ ഇവിടെ? ഈ കൊച്ചമ്മയോടു കേൾക്ക്. എനിക്കു വയസ്സെത്രയുണ്ടെന്ന്. മുപ്പത്തിയഞ്ചേ മുപ്പത്തിയഞ്ച്.

ആനന്ദം:-(അമർഷത്തോടെ) തൻെറ വയസ്സു തിരക്കേണ്ട ആവശ്യമില്ലെടോ എനിക്ക്. കൊച്ചുപെണ്ണുങ്ങളെ കണ്ടാൽ കമാന്നു മിണ്ടുകേൾക്കാൻ തനിക്കെന്തെടാ പിന്നെക്കാര്യം? ഇതിൻറകത്തു കയറിവന്നാലക്കൊണ്ട് വല്ല കഞ്ഞിവെള്ളങ്ങളും തരുന്നതു മോന്തിക്കൊണ്ടു പൊയ്ക്കൊള്ളണം പാട്ടിന്. കേട്ടോ കൃവാ!

ഉണ്ണിപ്പിള്ള:-എൻെറ കൊച്ചമ്മാ! ഈ കുഞ്ഞിന് ഈയാണ്ടിലെ മകരത്തിൽത്തന്നെ നാലുകൈയ്യുള്ള ഉടുപ്പും തലക്കെട്ടും കൊടുത്തു ഗോഡുകളിൽ കേററിവിടണം നമക്ക്. പഴേ മാരാരും ചെങ്കോട്ടയുമൊന്നും ഇവളുടെ ഗണിക്കു പററുകയില്ല. അവർ രണ്ടും ചത്തുപോയതുതന്നെ ഇയിത്തങ്ങടെ എടയിൽ മാനം.

ആനന്ദം:-താൻ അങ്ങനെ കേറി വെലസണ്ടെടോ. മൂങ്ങാ മൂത്തു മരപ്പട്ടിയെ പിടിക്കാറായയോടേടാ?

ഉണ്ണിപ്പിള്ള:- നവീന മരപ്പട്ടിതന്നെയാണെടി പിള്ളേ! മൂങ്ങേയങ്ങു മൂളിമരിക്കും. മരപ്പട്ടികേറി കാര്യ്യാം കാണും.

കുഞ്ചിയമ്മ:-(പൊട്ടിച്ചിരിച്ചുകൊണ്ട്) നിങ്ങൾ തമ്മിൽ ബലാബലം നോക്കിക്കഴിയട്ടെ. പിന്നെ ഞാൻ ഇടപെടാം. ആനന്ദം, ഉണ്ണിപ്പിള്ള ഇങ്ങനെയൊക്കെ പറയുന്ന പ്രകൃതം. ഒന്നുകൊണ്ടും കൃദ്ധാക്കേണ്ട. ഉണ്ണിപ്പിള്ള

നമ്മളെ നാടകത്തിന കൂട്ടിക്കൊണ്ടു പോകാമെന്ന പറയു ന്നു. നമുക്കം ഫ്രീപാസ്സു തരുംപോലും.

ആനന്ദം:-എനിക്ക് ആ—ലവളുടെ കളി കാണുകേ വേണ്ട. അവളെക്കാട്ടിലും നല്ലവണ്ണം കളിക്കാൻ എനിക്കു വശമാ ഇന്നു്. കൊച്ചങ്ങുന്നുതന്നെ ഒന്നു പരീക്ഷിച്ചുനോക്കട്ടെ ഇനിയും വേണമെങ്കിൽ.

കുഞ്ചിയമ്മ:-കുസുമവേണിയുടെ കളിയല്ലെടീ! ഗാനകോകിലം മിസ് പങ്കി വന്നിരിക്കുന്നു.

ആനന്ദം:-ഞാനറിഞ്ഞില്ല്യോ പിന്നെ അക്കാര്യം. അങ്ങത്തേ കമ്പനീ ചേൻ്റു. കളിയും തൊടങ്ങി മൊററയ്ക്കു്. ഒരൊററ പ്രാവശ്യത്തെ കളിക്ക് ആയിരം രൂപയാ പീസവക്ക്. എന്തിന പറയണു കൊച്ചമ്മാ! ആനന്ദോം പെണ്ണു്, ആ മിസ് പങ്കിയും പെണ്ണു്. അവരുടെ യോഗം യോഗംതന്നെ. കൊച്ചങ്ങത്തെ മെരട്ടി കറക്കി ഇട്ടിരിക്കയാ പമ്പരംപോലെ. അവരുടെ കളി അത്രയ്ക്കു ചതുരമാ. കൊച്ചമ്മ കണ്ടോളണം. ആനന്ദത്തിന് അതു കാണുകേ വേണ്ട.

കുഞ്ചിയമ്മ:-നെനക്കെന്തൊടി ഇത്ര പെണക്കം അവളോട്. നല്ല പേരുകേട്ട ഒരു താരമല്ലേ പങ്കി. ഗാനകോകിലം മിസ് പങ്കി. അവളെ കാണുന്നതുതന്നെ ഒരു ഭാഗ്യമാ.

ആനന്ദം:-കുററമാണോ കൊച്ചങ്ങുന്ന് ഇത്ര പെട്ടെന്നു കറങ്ങിപ്പോയതു്. ഇപ്പറഞ്ഞ നാവുകൊണ്ടു് മറിച്ചു പറഞ്ഞേയ്ക്കരുതു കൊച്ചമ്മാ. ആനന്ദം ഇന്നും മേലും ഇങ്ങനെതന്നെ ഒരേനില.

ഉണ്ണിപ്പിള്ള:- അതാണ്ടെ, കൊട്ടും നാദസ്വരവും. നാ

ടകനോട്ടീസിന്. അതാണ്ടെ പൊക്കത്തിൽ പങ്കിയുടെ ആളൊപ്പം പടവും. (ഉണ്ണിപ്പിള്ള ഓടിപ്പോകുന്നു)

ആനന്ദം:-ഈ കെളവന്റെ എടുത്തോട്ടം! ഇത്രയ്ക്കു കെടക്കാൻ മേല ഇയാൾക്ക്.

കുഞ്ചിയമ്മ:-പങ്കി പങ്കിതന്നെയാ പെണ്ണേ! നീയെന്തറിഞ്ഞു.

ആനന്ദം:-കിങ്കി, കിങ്കി തന്നെയാ പൊണ്ണീ! (ചിരിച്ചുകൊണ്ട് ഓടിപ്പോകുന്നു)

കുഞ്ചിയമ്മ:-(സ്വയം) ഈ പെണ്ണു വല്ല്യൊരു എളക്കക്കാരിയാ. ഉണ്ണിയെ വല്യ കാര്യമായിരുന്നു ആദ്യം ആദ്യം. അവൻ ഇങ്ങനെ നാനാവിധം തുടങ്ങിയതോടെ കണ്ടുംകൂടാ. ഇവൻറമട്ടിന് ആ പങ്കിക്കു കല്യാണം ചെയ്യേക്കും ഇവൻ. അങ്ങനെയായാൽ ഇവളെക്കൊണ്ട് അവരുടെ പേരിൽ ഒരു കേസ്സും കൊടുപ്പിക്കണം. എത്രയൊക്കെ ചീത്തയായാലും പാറുക്കുട്ടിയെ അങ്ങനെ മറക്കാമോ? മറക്കാമോ? അവളെന്റെ മകളല്ലേ?

(കർട്ടൻ)

# XII

(പങ്കിയുടെ വസതി. കേശവനുണ്ണിത്താനും പങ്കിയും അടുത്തടുത്ത് ഓരോ കസേരയിൽ ഇരിക്കുന്നു.)

പങ്കി:-(മൃദുമന്ദഹാസത്തോടെ) ഇന്നലെ രാത്രീലത്തെ എന്റെ അഭിനയത്തെപ്പററി എന്തായിരുന്നു അങ്ങയുടെ അഭിപ്രായം?

കേശവനുണ്ണി:-കളി വളരെ മെച്ചംതന്നെ. (മന്ദസ്മിതം)

പങ്കി:-(പുഞ്ചിരിച്ചുകൊണ്ട്) അതല്ല ഞാൻ ചോദിച്ചതു്. മുഖസ്തുതി ഒന്നും വേണ്ട. അഭിപ്രായം തുറന്നു പറഞ്ഞേക്കണം. എനിക്കതറിഞ്ഞു ശരിപ്പെടുത്താനുണ്ടെങ്കിൽ അങ്ങനെ ചെയ്യണം.

കേശവനുണ്ണി:-ഭവതി കുസുമവേണിയേയും ജയിച്ചിരിക്കുന്നു ഈ വിഷയത്തിൽ. ആ പാവത്തിൻെറ മുഖം വാടിപ്പോയി ഭവതിയുടെ അഭിനയം കണ്ടിട്ടു്. (മന്ദസ്മിതം)

പങ്കി:- (മൃദുലഹാസത്തോടെ) അങ്ങേയ്ക്കു കുസുമത്തിൽ ഇത്തിരി ക്രൂര ക്രുദ്ധതലാ. അതു് എനിക്കു മനസ്സിലായിട്ടുണ്ടു കേട്ടോ. ആ താരത്തിനും കുറേ കാര്യമാണേ അവിടത്തെ.

കേശവനുണ്ണി:-(ചിരിച്ചുകൊണ്ട്) ഹേയ്. അതു വെറും ദുശ്ശങ്കയാ. അങ്ങനെ ഒന്നും പരിചയിച്ച ആളല്ല ഞാൻ. ഭവതിയുടെ കാര്യത്തിൽ മാത്രം ഇങ്ങനെയൊരു വ്യത്യാസം.

പങ്കി:-പുരുഷന്മാരു് ഇങ്ങനെയൊക്കെ സാധാരണ പറയാറു സഹജം. അതതങ്ങനെയുമാവട്ടെ. അങ്ങയുടെ പണം. അതു് അങ്ങു് ഇഷ്ടംപോലെ ചെലവുചെയ്തു കൊള്ളണം. എനിക്കെന്തു കാര്യം അതിലെല്ലാം പ്രവേശിച്ചിട്ടു്. എനിക്കു ജോലി ചെയ്യണം; ഉള്ള കാശു വാങ്ങിക്കണം.

കേശവനുണ്ണി:-ഛെ! ഇങ്ങനെ പിണക്കം തുടങ്ങാ

തിരിക്കു തങ്കം. തങ്കത്തിൻെറ മുഖം കരുത്താൽ എനിക്കു പൊറുത്തുകൂടാ. കുസുമത്തിനെ വേണമെങ്കിൽ പറഞ്ഞയയ്ക്കാം.

പങ്കി:-അതു് ഏതായാലും വേണമെന്നു ഞാൻ പറയുന്നില്ല. എന്നെക്കാൾ മികച്ചവൾ ഒരുത്തിയെ കയ്യിൽ കിട്ടിക്കഴിഞ്ഞാൽ ഈ എനിക്കും അതുതന്നെയായിരിക്കും ഗതി.

കേശവനുണ്ണി:-ഭവതി അങ്ങനെ ശങ്കിക്കേണ്ട. ദുഷ്യന്തൻ ശകുന്തളയോടു പറഞ്ഞ മൊഴി. 'ഉണ്ടെങ്കിലും ഭൂരികളത്ര സംഗ്രഹം; രണ്ടേ കുലത്തിനു മമ പ്രതിഷ്ഠകൾ; ഒന്നാമതീ കമ്പനി മന്മനോരമേ, രണ്ടാമതീ പങ്കിളി പങ്കിദേവീ!'

പങ്കി:-(ചിരിച്ചുകൊണ്ടു്) അങ്ങനെ വരട്ടെ കള്ളി പുറത്തു്. കവിതയും ഉണ്ടോ അങ്ങേയ്ക്കു്. കാളിദാസൻെറ മൂലശ്ലോകത്തെ അനുകരിച്ച കേരളവമ്മ വലിയകോയിത്തമ്പുരാൻെറ തർജ്ജമയുടെ ഒത്ത അനുകരണം. ബലേ! ഭേഷ്! ഒരു കാര്യം ചെയ്യേണ്ടു. നല്ല സമ്മതമുണ്ടെങ്കിൽ മതി. ഇന്നുതന്നെ രജിസ്ട്രർ വിവാഹം ചെയ്യേണ്ടു എന്നെ! അല്ലെങ്കിൽ ഇനി ഇവിടെയില്ല. ഈ പെൺപിരളിക്കിടയിൽ.

കേശവനുണ്ണി:-ദേവിക്കു് ഇങ്ങനെ മനോരഥമുണ്ടെന്നു നേരത്തെ പറഞ്ഞിരുന്നെങ്കിൽ എത്രയോ ദിവസം മുമ്പുതന്നെ നമ്മുടെ വിവാഹം ആഘോഷിക്കുമായിരുന്നു.

പങ്കി:-ആഘോഷമൊന്നും വേണ്ട. വെറും അനാഡംബരം. അങ്ങനെ മതി. രജിസ്ട്രാരെ ഇവിടെ വരുത്തിയേ

യ്യ്ക. ആരും അറിയണമെന്നില്ല. വിശ്വസ്തരായ രണ്ടു സാക്ഷികൾകൂടെ.

കേശവനുണ്ണി:-അതിന് ആളൊണ്ട്. ഇവിടെ വരാറുള്ളൊരു മെലിഞ്ഞ മനുഷ്യൻ ഒണ്ടല്ലോ? നമ്മുടെ ഉണ്ണിപ്പിള്ള. മററൊരാൾ ആഫീസിലെ വാച്ചർ ശങ്കരപിള്ള.

പങ്കി:-ആരെങ്കിലും രണ്ടുപേർ മതിയല്ലോ. ഇന്നു നേരത്തെ അങ്ങനെ ഒന്നു ചെയ്തുവെച്ചേക്കണം. ഇരിക്കണം ഇവിടെ. ഈ സന്തോഷപ്രദമായ നിശ്ചയത്തിൻെറ സൂചനയായി; ഇപ്പോൾതന്നെ രണ്ടു കപ്പു കാപ്പി നമുക്കു കൈമാറി കുടിക്കണം. (പങ്കി ധൃതിയിൽ അകത്തേയ്ക്കു പോകുന്നു)

കേശവനുണ്ണി:- (സ്വയം മന്ദസ്വരത്തിൽ) ഇതെന്തൊരു പുതുമ! ഇവളോടു പണ്ടൊരാട്ടും ഉണ്ടായിട്ടില്ലാത്ത ഒരു ക്രൂറ്. ആ പാറുക്കുട്ടിയുടെ ഒരു സാദൃശ്യം മുഖത്തു കാണുന്നുമുണ്ട്. ഹേയ് ആ കഴുത എവിടെയോ പോയി മാഞ്ഞുകൂടി. ആ അരലക്ഷത്തിൻെറ സ്വത്ത് ആ പിശുക്കൻെറ കിഴട്ടുപ്രേതത്തിനുതന്നെ. അതു വലിയൊരു അമിളിയായിപ്പോയി. തുലഞ്ഞുപോകട്ടെ. ദാനം കിട്ടിയ പശുവല്ലെ ഇതെല്ലാം എനിക്ക്. ഏതായാലും ഇവളെ ഒരു നിമിഷവും പിരിഞ്ഞിരിക്കാൻ എനിക്കാവില്ല. എന്തു സൌന്ദര്യം! എന്തു വൈഭവം! എന്തു നയം! എന്തൊരു വാക്മാധുര്യം! ശയ്യാഗൃഹത്തിലൊ എന്തൊരു സ്വർഗ്ഗീയസുഖം! ആവൂ! എൻെറ ഭാഗ്യം. ഇതു മററൊരുവനു കിട്ടുവാനോ ഇത്. ഒരിക്കലും ഞാൻ സമ്മതിക്കുകയില്ല. ഇപ്പോൾതന്നെ രജിസ്ത്രാരെ പടികെട്ടി വരുത്തിയേക്കാം.

(ഒരു വെള്ളിത്താലത്തിൽ രണ്ടുകപ്പു കാഫിയുമായി പങ്കി പ്രവേശിക്കുന്നു. താലം മേശപ്പുറത്തു വച്ചിട്ട് അടുത്തു് ഒരു കസാലയിൽ ഇരുന്നു കൊണ്ടു്, ഒരു കപ്പെടുത്തു് കേശവനുണ്ണിത്താൻെറ കൈയ്യിൽ കൊടുക്കുന്നു. ഒന്നു താനും എടുക്കുന്നു.)

പങ്കി:-അതിൽനിന്നു കുറെ കാഫി കുടിച്ചിട്ടു് ബാക്കി; ഇങ്ങു തരൂ ഇതിൽനിന്നു് കുറെ കുടിച്ചിട്ടു് ഞാനും അങ്ങേയ്ക്കു തരാം.

(രണ്ടുപേരും അതാതു കപ്പിൽനിന്നു കുറേശെ കുടിച്ചിട്ടു് കപ്പുകൾ കൈമാറി കുടിക്കുന്നു.)

കേശവനുണ്ണി:-(പങ്കിയുടെ ഉച്ഛിഷ്ടം കുടിച്ചു തൃപ്തനായിട്ടു്) ഇതു വലിയൊരു ത്യാഗമാ. സംശയമില്ല.

പങ്കി:-രജിസ്ട്രേഷൻ ഒരു നിയമപരമായ ചടങ്ങു മാത്രം. ഏകപാത്രത്തിൽ നിന്നുള്ള ഭോജനമാണു് കാര്യം.

കേശവനുണ്ണി:-കരുണയുള്ള ദൈവം ഈ ബന്ധം അങ്ങോളം ഇങ്ങനെ നിലനിത്തുമാറാകട്ടെ.

പങ്കി:-ഞാനും അങ്ങനെതന്നെ പ്രാത്ഥിക്കുന്നു.

(രണ്ടുപേരും അഞ്ജലികൂപ്പി ധ്യാനിക്കുന്നു.)

(കർട്ടൻ)

# XIII

(കുഞ്ചുനായരും കുഞ്ചിയമ്മയും കണ്ടമംഗലത്തേ പൂമുഖത്തു് ഒരേ സോഫയിൽ ഇരിക്കുന്നു. ഉണ്ണിപ്പിള്ള അവിടെ അടുത്തു് ഒരു സ്റ്റൂളിൽ ഇരിക്കുന്നു.)

കുഞ്ചുനായർ:-എന്താ ഈയ്യിടെ ഇങ്ങോട്ടൊന്നും കാണുന്നില്ല. പങ്കിയുടെ കൂട്ടം കണ്ടുകണ്ടു് അവിടത്തന്നെ ആയോ കെടപ്പും.

ഉണ്ണിപ്പിള്ള:-അയ്യോ! കൊച്ചങ്ങുന്ന് ഈ വത്തമാനം വല്ലതും കേട്ടാൽ വെടിവച്ചു് പുകച്ചുകളയും ഉണ്ണിപ്പിള്ളേ.

കുഞ്ചുനായർ:-എന്തെടോ പൈത്യംപിടിച്ച മനുഷ്യാ! അറബിക്കടലിലെ ഉപ്പുവെള്ളം തൊട്ടു കണ്ണിൽ വയ്ക്കാൻ സക്കാരിൻെറ അനുവാദം വേണോ?

ഉണ്ണിപ്പിള്ള:-അങ്ങുന്ന് എന്തറിഞ്ഞു?'പങ്കി', ഇനി അങ്ങനെ പറഞ്ഞുകൂടാ. കണ്ടമംഗലത്തെ രണ്ടാംകൊച്ചമ്മ ആയിപ്പോയി. രജിസ്രൂറിൽ വിവാഹംനടന്നുകഴിഞ്ഞു.

കുഞ്ചിയമ്മ:-നല്ലകൂത്തുതന്നെ. എൻെറ പെണ്ണിൻെറ മുഖത്തും ആ ദ്രോഹി കരിതേച്ചല്ലോ ഇങ്ങനെ. എന്നായിരുന്നെടോ?

ഉണ്ണിപ്പിള്ള:-അതു് ദിവസി മൂന്നുനാലായല്ലോ? ഇനി എന്തുവേണംപിന്നെ, ഒരു വെടിക്കു് രണ്ടുപക്ഷി. മിട്ടമിട്ടുക്കൻതന്നെ നമ്മുടെ കൊച്ചങ്ങുന്നു്. കൊട്ടകയിലുമാട്ടം, വീട്ടിലുമാട്ടം. ആ മോഹിനിക്കുഞ്ഞമ്മ, അവരുടെ യോഗം. ആ രോമവേണി ഇൗയ്യിടെ മുഖം കറുത്തു് ഇരിപ്പുമായി.

കുഞ്ചുനായർ:-ഇനിയെന്താടോ നിവൃത്തി?

ഉണ്ണിപ്പിള്ള:-എന്തു നിവൃത്തിക്കാനാ. വേങ്കുകാരൻ തൊമ്മിക്കു് ഇനി ജന്മം വിററാൽ മതിയല്ലോ. കൊച്ചങ്ങുന്നിനു കടം മൂക്കററം. വച്ച്യങ്ങുന്നു മൂളയൊള്ളോനാ. ഒന്നുപകുതി നേരത്തെ ഇങ്ങു വലിച്ചോണ്ടു. വേണെങ്കിൽ ഇപ്പോഴൊരു പൂട്ടുപൂട്ടാം.

കുഞ്ചിയമ്മ;-അതെന്തോന്നാടോ?

ഉണ്ണിപ്പിള്ള:-പാറുക്കുട്ടിക്കൊച്ചമ്മ വല്യകൊച്ചമ്മേടെ മോളല്ലേ! ഈ കാട്ടിയതിന്നു ദണ്ണമില്ലേ?

കുഞ്ചുനായർ:-അതിനെന്തുചെയ്യും. പെണ്ണില്ലല്ലോ ഇവിടെ. തന്റെ സൂചന എനിക്കു മനസ്സിലായെടോ?

ഉണ്ണിപ്പിള്ള:-പോംവഴി നോക്കിയാ കാണാതെ വരുമോ? ഇവിടത്തെ ഉർവ്വശിക്കൊച്ചിനേംകൊണ്ടു് ആ സുബ്രഹ്മണ്യൻ സാമീടെ ആഫീസുവരെ ഒന്നു പോയാട്ടെ രാവിലെ.

കുഞ്ചിയമ്മ:-ഉണ്ണിപ്പിള്ള പറയണ കേട്ടില്ലേ? ആനന്ദത്തിനേംകൊണ്ടു് വക്കീല് സാമിയെടെ അങ്ങു ചെല്ലണമെന്നു്.

കുഞ്ചുനായർ:-അവള് അവന്റെ ഭാര്യയല്ലല്ലോ.

ഉണ്ണിപ്പിള്ള:-അല്ലെന്നു പറഞ്ഞോണ്ടുവരട്ടെ. ആണെന്നു നമുക്കും വരുത്താം.

കുഞ്ചുനായർ:-വക്കീല് സമ്മതിക്കുമോടോ ഈ കള്ളംചെയ്യാൻ. അയാക്കും അറിയാമല്ലോ നേരെല്ലാം.

ഉണ്ണിപ്പിള്ള:-അങ്ങന്നിന്നു പൈത്യം പിടിച്ചോ. അല്ലെങ്കി നേരിലാ അവരെടെയെല്ലാം കാട്ടായം. സാമി തന്നെ വച്ചുതന്ന വഴിയാ പോരെങ്കി.

കുഞ്ചുനായർ:-ആനന്ദപ്പെണ്ണുകേറി ഉടക്കി നിന്നാലോ കുഞ്ചി?

കുഞ്ചിയമ്മ:-ഹേയ്. അവളുടെ ഉള്ളു ഞാനറിഞ്ഞു. അവക്ക് വല്യവൈരാഗ്യമാ ഈയ്യിടെ ഉണ്ണിയോട്. പനിയെ കണ്ടുംക്രൂടാ. കളികാണാൻതന്നെ പോയിട്ടില്ലല്ലോ അവൾ ഇതുവരെ.

കുഞ്ചുനായർ:-(സന്തോഷത്തോടെ) ങാഹാ! ഇത്ര കട്ടിയോ പെണ്ണ്. ഞാനതറിഞ്ഞില്ലല്ലോ. എന്നാ പണി പററിക്കണം. കെടന്നൊന്നു കറങ്ങട്ടെ, പുത്തനച്ചീം നായരുംകൂടെ. എടോ ഉണ്ണിപ്പിള്ളേ താനുംകൂടെ വന്നേക്കണം ഇങ്ങ്, നാളെ നേരത്തെ.

ഉണ്ണിപ്പിള്ള:-അങ്ങനെതന്നെ—വക്കീലിന് വല്ലതും കൊടുക്കയും വേണം.

കുഞ്ചുനായർ:-അതെന്തൊരു കൊടുപ്പാടോ. അങ്ങോട്ടുകൊണ്ടു കൊടുക്കുന്നതിനുമുൻപൊരു കൊടുപ്പ്.

കുഞ്ചിയമ്മ:-അതുപോരാ. വല്ലതും നാലോ അഞ്ചോ കൊടുത്തേ മതിയാകൂ ആദ്യം.

കുഞ്ചുനായർ:- എന്നാലാകട്ടെ. എന്നാ അങ്ങനെ തന്നെ.

(കർട്ടൻ)

# XIV

(ബാങ്കർ തൊമ്മിയുടെ വസതി. പങ്കിയും ക്ലാരക്കുട്ടിയും ഓരോ കസാലയിൽ ഇരിക്കുന്നു.)

ക്ലാരക്കുട്ടി:-എന്നും ഇങ്ങനെ പങ്കികളിച്ചുനടന്നാൽ മതിയോ. മെഡിക്കൽകാളേജ് തുറക്കാൻ ഇനി ഒരു വാരമേ ഒള്ളല്ലോ? വല്ലവിധവും ഒരു വർഷം കൂടെ തള്ളിനീക്കി ഡിഗ്രി വാങ്ങിക്കണ്ടേ?

പങ്കി:-അതു് ആലോചിക്കാൻ തന്നെയാ ഇങ്ങോട്ടു പോന്നതു്. പങ്കികളി കളിച്ചതൊക്കെ മതി. ആ വിചാ

ൻെറ രൂപയിൽ പതിനയ്യായിരം ഇങ്ങനെ കൈയിൽ വന്നു. നമുക്കു രണ്ടുപേൎക്കും ഒരു വർഷത്തേക്ക് പൊടിപൊടിച്ചു ചെലവാക്കാൻ ധാരാളം. തൊമ്മിസ്സാറിനെ ഇനി ബദ്ധപ്പെട്ടത്തേണ്ട. എൻെറ ബാഗ്ഗുംമററും അവിടെ ഇരിക്കുകയാ.

ക്ലാരക്കുട്ടി:-പണമോ?

പങ്കി:-പണം എൻെറ ഈ സാച്ചലിൽതന്നെ വലിയ കറൻസിനോട്ടായുണ്ട്.

ക്ലാരക്കുട്ടി:-എപ്പോഴാ യാത്ര? പണം കൈയിലിരിക്കട്ടെ. തക്ക ആവശ്യം വരുമ്പോൾ വേണ്ടവിധം ഉപയോഗിക്കാം. തൊമ്മിയച്ചായൻ ഇനിയും പണം മറയ്ക്കു തന്നുകൊണ്ടിരിക്കും.

പങ്കി:-എങ്കിൽ അങ്ങനെയാകട്ടെ. ഇന്നു വിമലാൻ ഇവിടെയില്ല. ഒരു സിനിമാപ്രൊഡക്ഷൻ കമ്പനിക്കാരുമായി ഫിലിം ഇടപാടുചെയ്യാൻ കോയമ്പത്തൂരിന് പോയിരിക്കുകയാ. രണ്ടുദിവസത്തിനകമേ തിരിച്ചുവരൂ.

ക്ലാരക്കുട്ടി:-എങ്കിൽ നേരത്തേ കടന്നേക്കാം ഇവിടെനിന്ന്. അതാണു നല്ലത്.

പങ്കി:-എങ്കിൽ അങ്ങനെതന്നെ.

ക്ലാരക്കുട്ടി:-തൊമ്മിയച്ചായൻ പറഞ്ഞു ഉണ്ണിത്താൻ സാറിൻെറയും താരം പങ്കിയുടെയും പേരിൽ ആനന്ദം എന്ന വീട്ടുവേലക്കാരി ആ പുനർവിവാഹക്കേസ്സ് ഫയലാക്കിക്കഴിഞ്ഞു എന്ന്.

പങ്കി:-വിമലാനൊന്നുകിടന്നു കറങ്ങും. കറങ്ങട്ടെ. അങ്ങനെവേണം. എങ്കിലേ ഇനിയെങ്കിലും മര്യാദപഠി

ക്കു. പങ്കിവേഷം മദിരാശിവരെ. അവിടെച്ചെന്നു പഴയ പാറുക്കുട്ടി.

ക്ലാരക്കുട്ടി:-ഉണ്ണിത്താൻസാറിൻെറ കാര്യം കഷ്ടമാ.

പങ്കി:-ഉള്ളിൽ എനിക്കും വലിയ അനുകമ്പയാ. ഒരുവർഷംകൂടെ ഇങ്ങനെ കറങ്ങിനടക്കട്ടെ. യോഗമുണ്ടെങ്കിൽ എൻെറക്കൂടെ മര്യാദയ്ക്കുനിന്നാൽ പിന്നെ രക്ഷയുണ്ട്.

ക്ലാരക്കുട്ടി:-അതു ശരിയാ. കൈയിലുള്ളതു മിക്കവാറും തീൎന്നു. പാവത്തിൻെറ കാര്യം കഷ്ടംതന്നെ.

പങ്കി:-ഞാൻപോയി വേഗം ഒരുങ്ങിവരാം. ആൎക്കും ഒരു സംശയവും ജനിക്കാതെ വേണം തിരിയെ വരാൻ.

ക്ലാരക്കുട്ടി:-എന്നാൽ താമസിക്കേണ്ട. നേരെ റെയിൽവേസ്റ്റേഷനിൽ എത്തിക്കൊള്ളൂ; സന്ധ്യയ്ക്കുള്ള മെയിലിൽ പുറപ്പെടാൻ. ഞാൻ അവിടെ കാത്തുനില്ക്കും.

പങ്കി:-അങ്ങനെതന്നെ.

(കർട്ടൻ)

# XV

(ഗാനകോകിലം ബംഗ്ലാവ്—കേശവനുണ്ണിത്താൻ പ്രവേശിക്കുന്നു.)

(ചുററിനടന്നിട്ട്—സ്വഗതം) ഇവിടെ ആരെയും കാണുന്നില്ലല്ലോ? എവിടെപ്പോയി തങ്കം!

(ഒരു പരിചാരിക പ്രവേശിക്കുന്നു.)

കേശവനുണ്ണി:-എവിടെയാടി നിൻെറ കൊച്ചമ്മ?

പരിചാരിക:-കൊച്ചമ്മ തോൽസഞ്ചീം കൊടേം എടുത്തു. ഒരു കാറുവന്നുനിന്നു. അതീ കേറി എങ്ങോ പോയി?

കേശവനുണ്ണി:-(പരിഭ്രമത്തോടെ) എപ്പോഴെടീ പോയതു്.

പരിചാരിക:-ഇന്നാലെ സന്ധ്യയ്ക്കുമുമ്പാ.

കേശവനുണ്ണി:-വല്ലതും പറഞ്ഞോ നിന്നോടു്.

പരിചാരിക:-നാടകക്കൊട്ടകവരെ പോയിട്ടു വരാമെന്നുപറഞ്ഞാ പോയതു്.

കേശവനുണ്ണി:-ആരെങ്കിലും വിശേഷാൽ വന്നിരുന്നോടീ ഇവിടെ?

പരിചാരിക:-ആരും വന്നില്ലേജമാനേ! (കരയുന്നു.)

കേശവനുണ്ണി:-നീ എന്തിനാ കരയുന്നതു്.

പരിചാരിക:-നല്ല കൊച്ചമ്മയായിരുന്നതു്. പോയല്ലോ ദൈവമേ!

കേശവനുണ്ണി:-ആകട്ടെ പൊയ്ക്കോ നീ അകത്തേയ്ക്കു്.

(അവരം പോകുന്നു.)

(കേശവനുണ്ണിത്താൻ കസേരയിലേയ്ക്കു മറിഞ്ഞുവീഴുന്നു.)

(സ്വഗതം) ഹാ! ചതിച്ചോ! എവിടെപ്പോയി ഈശ്വരാ, അവൾ! വല്ലവരും വശീകരിച്ചുകൊണ്ടുപോയോ അവളെ! അത്ര സുന്ദരിയായിരുന്നവൾ! എന്റെ പ്രേമധാമം! എന്റെ സർവ്വസ്വവും അവൾക്കായി! ബാക്കി ഒന്നുമില്ലെന്നു് അറിഞ്ഞു കടന്നുകളഞ്ഞോ! ഇത്ര കുടിലഹൃദയയോ അവൾ! ആവൂ! ഞാനെങ്ങനെ സഹിക്കും, ഈ സ

ങ്കടം! ആകെ കറച്ചിലുമായി. മനുഷ്യർ എൻെറ കിറി ക്കിട്ടു കേൾക്കുകില്ലെ ഇതറിയുമ്പോൾ! ആ പാറുക്കുട്ടിയുടെ ശാപമാ ഇതു്. ഞാനെങ്ങനെ പൊറുക്കും ഈ ദുഃഖം! (കണ്ണുനീർ തുടയ്ക്കുന്നു.)

(ഒരു പോലീസ് ഭടൻ പ്രവേശിക്കുന്നു. ഉണ്ണിത്താൻ ഘനം നടിച്ചിരിക്കുന്നു. അയാൾ ഉണ്ണിത്താനെ സലാം വയ്ക്കുന്നു.)

കേശവനുണ്ണി:–എന്താ വന്നതു്?

പോലീസ്:–ഒന്നു കാണാൻ വന്നതാ.

കേശവനുണ്ണി:–എന്താ വിശേഷിച്ചു്?

പോലീസ്;–അവിടത്തോടു് എങ്ങനാ പറയുന്നതു്?

കേശവനുണ്ണി:–പറയൂ, എന്താ വിശേഷം.

പോലീസ്:–മജിസ്ട്രേട്ടു കോർട്ടിൽ നിന്നു് ഒരു നടപടി.

കേശവനുണ്ണി:–എന്താ അതു്?

പോലീസ്:–ഒരു സമനേയുള്ളു.

കേശവനുണ്ണി:–കാണട്ടെ.

(പോലീസുകാരൻ രണ്ടു സമൻസ് പകർപ്പു് എടുത്തു കാണിക്കുന്നു.)

കേശവനുണ്ണി:–എന്തൊരു മല്ലാ ഇതു്.

പോലീസ്:–ഓ! സാരമില്ല. ആരോ കുസൃതികളുടെ പണിയാ. ഇവിടത്തേക്കായതുകൊണ്ടു് ഞാൻ അന്വേഷിച്ചു ബഞ്ചുക്ലാക്കിൻെറടുത്തു്. ഒരു ആനന്ദം ഒരു രണ്ടാം വിവാഹത്തിനു് ഒരു കേസു കൊടുത്തിരിക്കുന്നു. കള്ള അന്യായം. അവിടത്തേക്കു് അങ്ങനെ ഒരു ഭാര്യ ഇല്ലെന്നു് ഈ നാട്ടുകാർക്കു് ഒക്കെ അറിയാം.

കേശവനുണ്ണി:–എന്താ ഇപ്പോൾ വേണ്ടതു്?

പോലീസ്:- അവിടത്തെ ഇഷ്ടം പോലെ.

കേശവനുണ്ണി:-മററെന്തും ഇവിടെ ഇല്ല ഇപ്പോൾ. നാളെ വന്നാൽ രണ്ടും ഒപ്പിട്ടു തരാം. ഒരു പ്രാസസ്സ് കിട്ടിക്കോട്ടെ.

പോലീസ്:- എന്നാൽ ഞാൻ പോയി നാളെ വരാം.

കേശവനുണ്ണി:-അങ്ങനെയാവട്ടെ. കാഫി കുടിച്ചിട്ടു പോയാൽ മതി. മററൊന്നും വിചാരിക്കണ്ട. നാം പരിചയക്കാരല്ലെ. (മണി അടിക്കുന്നു. ഒരു വേലക്കാരൻ പ്രവേശിക്കുന്നു) എടാ, കാഫിയും പലഹാരവും വേഗം കൊണ്ടുവാ.

(അവൻ പോയി കാഫിയും പലഹാരവും കൊണ്ടുവരുന്നു.)

കേശവനുണ്ണി:- ഇരിക്കണം അവിടെ.

(പോലീസ് ഭടൻ ഇരിക്കുന്നു. കാഫി കുടിച്ചിട്ട് സലാം വച്ചു പോകുന്നു.)

കേശവനുണ്ണി:-വന്ന മല്ലിനു പുറമേ ഈ മല്ലും. ഇതാ അമ്മാവന്റെ പണിയാ. ദുർബുദ്ധികൾ! പങ്കി പോയി. കൈയിലുണ്ടായിരുന്ന പണവും പോയി. ഇനി തൊമ്മി പണവും തരുകയില്ല. വസ്തുക്കളും തീറായി അയാൾക്കു്. ആ സിനിമാക്കാർക്കു നാടകക്കൊട്ടക വിലയ്ക്കു കൊടുത്തേക്കാം. ഇന്നുതന്നെ കടക്കണം ഇവിടുന്ന്. (എഴുന്നേററു കൊടയും ബാഗുമെടുത്തു പുറത്തേയ്ക്കു് ഇറങ്ങുന്നു.) ഡ്രൈവർ! കാർ തയാറാക്കു! വേഗം!

(കർട്ടൻ)

# XVI

(കുഞ്ചുനായരും കുഞ്ചിയമ്മയും ഉണ്ണിപ്പിള്ളയും കണ്ടമംഗലത്തു പൂമുഖത്തു് ഓരോ കസാലയിൽ ഇരിക്കുന്നു.)

കുഞ്ചുനായർ:-വളരെ വെടിപ്പായി കാര്യം ഒക്കെ. അവൾ കയ്യിൽ കിട്ടിയതും കിട്ടാത്തതും ഒക്കെ തള്ളിപ്പറക്കി കടന്നേ കളഞ്ഞു.

കുഞ്ചിയമ്മ:-അവനും നാടുവിട്ടു. ഇനി ഇവിടെ നിക്കക്കള്ളി അവനില്ല.

ഉണ്ണിപ്പിള്ള:-കേസു പുറകേ ചെല്ലുമവിടെ രാമബാണംപോലെ.

കുഞ്ചുനായർ:-ഓ! അതെങ്ങനെയും തൊലയട്ടെ.

ഉണ്ണിപ്പിള്ള:-നടപടി കടന്നു കറങ്ങും അങ്ങനെ. കണ്ടുപിടിക്കട്ടെ സി. ഐ ഡി-കൾ.

കുഞ്ചിയമ്മ:-ഉണ്ണിക്കു് ഈ അനുഭവം വന്നല്ലോ എന്നാലും. പെണ്ണും പോയി, കടിച്ചതുമില്ല, പിടിച്ചതുമില്ല.

കുഞ്ചുനായർ:-പാറുക്കുട്ടിയാ ഇതിലൊക്കെ വലിയ കടുപ്പക്കാരി. അവളു് ഏതു മാനത്തെ മഴയിക്കൂടെ പ്പോയോ ആരറിഞ്ഞു

ഉണ്ണിപ്പിള്ള:-ആ ക്ലാരക്കുട്ടിക്കു് ഒന്നും അറിഞ്ഞൂടെന്നാ പറയുന്നതു്. ആ തൊമ്മിക്കുഞ്ഞു് മിടുക്കനെമായി. വസ്തുക്കളെ മുഴുവനും ബേങ്കിനും കിട്ടി.

കുഞ്ചുനായർ:-ബേങ്കു് ഏടപാടു കണിശക്കാർക്കേ കൊള്ളാവൂ. വേങ്കീന്നു കടംപററി ദീപാളി കുളിച്ചാൽ പിന്നെ നിലപതമുണ്ടോ? നേരത്തെ നിരൂപിച്ചതാ ഇതെല്ലാം ഞാനു്. ആ കൊട്ടക ആരു വാങ്ങിച്ചെടോ?

ഉണ്ണിപ്പിള്ള:-കോയമ്പത്തൂരുകാരൻ ചെട്ടിയാരു്.

കുഞ്ചുനായർ:-ഇനിക്കിനി അവൻെറ കാര്യം കേൾക്കകേ വേണ്ട.

കുഞ്ചിയമ്മ:- ഇനി കേൾക്കാനേ ഒന്നുമില്ലെന്നായല്ലോ? പിന്നെന്തു വേണം.

കുഞ്ചുനായർ:-(കോപവും സങ്കടവും സഹിക്കാൻ വയ്യാതെ) നെന്തൊന്നിക്കായുടെ മൂട്ടമറി വേണമെടീ.

കുഞ്ചിയമ്മ:-എന്തിനാ മരുമോൻ പിഴച്ചുപോയതിന്നു് എന്നോടു കലി തുള്ളുന്നതിങ്ങനെ?

ഉണ്ണിപ്പിള്ള:-വല്യങ്ങന്നു് ഇങ്ങനെ സങ്കടപ്പെട്ടതുകൊണ്ടും കോപിച്ചതുകൊണ്ടും എന്താ ഫലം ഇനി. ഒന്നു പകുതി സ്വത്തിവിടെ ചേൎന്നുകഴിഞ്ഞില്ലേ പുകഞ്ഞ കൊള്ളി പുറത്തു്.

കുഞ്ചിയമ്മ:-അതു ശരിയാ ഉണ്ണിപ്പിള്ളേ! അങ്ങനെ സാമാധാനപ്പെടട്ടെ ഇങ്ങേരു്.

കുഞ്ചുനായർ:-നെനക്കങ്ങനെ ഒക്കെ സമാധാനിക്കാം കുഞ്ചീ. നെനക്കുതന്നെയാ അതു പിന്നേം ചേരുന്നതു്. ആ പെണ്ണുപോയല്ലോ ദേശാന്തരി. അതോൎക്കുമ്പം ചങ്കു തകരുന്നു ഉണ്ണിപ്പിള്ളേ! പെറാമച്ചിയെപ്പോലെ ഇവൾക്കു് ഒരു ക്രൂസലുമില്ല.

കുഞ്ചിയമ്മ:-ഞാനെന്തു ക്രൂസാനാ. പോയി അന്വേഷിച്ചു പിടിച്ചുകൊണ്ടു വരണം ചൊണയുണ്ടെങ്കിൽ.

കുഞ്ചുനായർ:-ശരി. നല്ല കുശാലായി. ഈ അറുപതിപ്പോറുക്കുന്ന കെഴവന്മാരു്, ഒതളങ്ങാ മറിയുന്നപോലെ ഉരണ്ടുപെരണ്ടു നടക്കുന്ന പെണ്ണിനെ തേടി അല

ഞ്ഞോട്ടെ. നെനാക്കെന്തൊ! കുഞ്ഞുനായരെ പെററയമ്മ ച ത്തുപോയല്ലോ.

കുഞ്ചിയമ്മ:-എന്നും പിന്നെ ഇരിക്കുമോ പെററമ്മ യും മററും.

കുഞ്ഞുനായർ:-ആറമ്മ ചമഞ്ഞാലും പെററമ്മയോ ളം വരുകേല്ലടീ! ഒള്ളതല്ലേ നീ തന്നെ പറ.

(കുഞ്ചിയമ്മയും ഉണ്ണിപ്പിള്ളയും ചിരിക്കുന്നു.)

(കർട്ടൻ)

# XVII

(കോയമ്പത്തൂരെ ഒരു സിനിമാപ്രൊഡക്ഷൻശാല. അവിടത്തെ ഒരു ക്ലാർക്കായ കേശവനുണ്ണിത്താൻ പ്രവേശിക്കുന്നു)

കേശവനുണ്ണി:-(സ്വയം) എന്റെ ഭഗവാനെ! ശീ മൊള്ളിനമ്പൂതിരിപ്പാടിന്റെ അരുമക്കിടാവ്! മരിച്ച അമ്മയുടെ വാത്സല്യനിധി! അമ്മാവൻ കണ്ടമംഗലത്ത് കുഞ്ഞുഉണ്ണിത്താന്റെ കണ്ണിലുണ്ണി! അദ്ദേഹത്തിന്റെ മ കൾ പാറുക്കുട്ടിയുടെ—ലോകത്തിലെ കള്ളവും കൗശല വും ഒന്നും അറിഞ്ഞുക്രുടാത്ത ആ പാറുക്കുട്ടിയുടെ പ്രിയം കരനായ ചേട്ടൻ—കണ്ടമംഗലത്തു മാളികവീട്ടിലെ നായ കൻ—ഇന്നത്തെ നില നോക്കണം, ഈ സിനിമാപ്രൊഡ ക്ഷൻ കമ്പിനിയിലെ ഓരോ ഡയറക്ടരുടേയും മാനേജ രുടേയും ഉരുട്ടും ചീററും ചൊൽവിളിയും കേട്ടിങ്ങനെ അ റുപതു രൂപാ കരുതി ഓടുന്നു! ആ തൊമ്മിക്കുഞ്ഞും തീ രെ മറന്നുകളഞ്ഞു. സങ്കടങ്ങൾ കാണിച്ച് ഒരെഴുത്തയച്ചി

ട്ടുപത്തു രൂപാപോലും അയച്ചുതരാൻ അയാൾക്കു മന സ്ഥിതി ഇല്ലെന്നായി. ഇപ്പോൾ ഈ ഫാക്ടറിയിലെ വെൽഫെയർ ആഫീസറായി ഒരു സ്ത്രീ വന്നിട്ടുണ്ട്. കാഴ്ച യിൽ ബഹുരൂപവതി. നല്ല സൗശീല്യം. നന്നെ ചെറുപ്പം. എം. ബി. ബി. എസ്സ്. കാരി. അവരെ കണ്ട് ദയനീയ സ്ഥിതി മനസ്സിലാക്കിയാൽ വല്ല സഹായവും ചെയ്യുത ന്നേക്കും. മാസം അഞ്ഞൂറാ അവക്കിവിടെ ശമ്പളമെന്ന് ചീഫ് അക്കൗണ്ടന്റു പറഞ്ഞു. 'കെ. പി. കെശബ്' എ ന്നാണു പേരെന്നും പറഞ്ഞു. എന്തു ജാതിയോ? ഏതു ദേ ശമോ? അതൊന്നും രൂപമില്ല ആക്കും. മദിരാശി കാളേ ജിന്നു പാസ്സായി വരവാ. ആളോ ബഹുമിടുക്കി. എല്ലാവ രോടും വലിയ കരുണ. ഒരു വിശേഷംകൂടെ എന്റെ പാ റുക്കുട്ടിയുടേയും ആ കള്ളി പങ്കിയുടേയും മുഖച്ഛായ ഈ ഡാക്കുക്കും, മുഖസാദൃശ്യം അങ്ങനെ ഒക്കെ വരാം. ഒരു ക ഷ്ടമതല്ല, ലേഡീഡാക്കുരുടെ മുഖം കാണുമ്പോൾ എന്റെ മുഖത്തു പെട്ടെന്നു വൈവർണ്യം വരും. അതു് അവർ പ ലപ്പോഴും നോട്ടുചെയ്യുന്നതു കണ്ടിട്ടുണ്ട്. ഇന്നു ഞായറാഴ്ച യാ. ഉച്ചയ്ക്കുശേഷം അവക്കു ജോലിയില്ല. വിശ്രമിച്ചിരി ക്കുമ്പോൾ അവരെ ചെന്നൊന്നു കണ്ടാൽ അലിവു തോ ന്നി വല്ല പണസഹായവും ചെയ്യുക്കും. അറുപതു രൂപാ കൊണ്ട് ഒന്നിനും മതിയാകുന്നില്ലിവിടെ.

(കേശവനുണ്ണിത്താന്റെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു് ഒഴുകുന്നു. തൂവാല എടുത്തു തുടയ്ക്കുന്നു)

(കർട്ടൻ)

# XVIII

(ലേഡീഡാക്ടരുടെ ക്വാർട്ടേഴ്സിലെ ഡ്റായിംഗ്റൂം. ലേഡീഡാക്ടരും കേശവനുണ്ണിത്താനും ഓരോ കസാലയിൽ ഇരിക്കുന്നു.)

ലേഡീഡാക്ടർ:-ഞാൻ ഏതു രൂപത്തിൽ സഹായിക്കണമെന്നാ പറയുന്നത്?

കേശവനുണ്ണി:-എന്റെ ചരിത്രം മുഴുവൻ വിശദമായി ധരിപ്പിച്ചു. ഇനി എല്ലാം അവിടത്തെ യുക്തംപോലെ എന്നു പറയാനുള്ളു.

ലേഡീഡാക്ടർ:-ആകട്ടെ, കഴിഞ്ഞ കാലത്തെ നടപടികളെപ്പററി വാസ്തവത്തിൽ പശ്ചാത്താപമുണ്ടോ?

കേശവനുണ്ണി:-തീർച്ചയായും.

ലേഡീഡാക്ടർ:-(മന്ദസ്മിതത്തോടെ) ഗ്രഹപ്പിഴയ്ക്ക് ആ പാറുക്കുട്ടിയുടേയും താരം പങ്കിയുടേയും ഛായ എനിക്കുണ്ടെന്ന് ആരും പറയുന്നു. അതു ശരിയായിരിക്കാം. അതെന്റെ കുററമാണോ? ഇതു് ലേഡീഡാക്ടർ കെ. പി. കേശബ് ആണ്. മററാരുമല്ല. എനിക്കു വാസ്തവത്തിൽ അങ്ങേ പേരിൽ വളരെ അലിവു തോന്നുന്നു. ഞാനും ഒരു സ്ത്രീയല്ലേ. സ്ത്രീകൾ പുരുഷന്മാരേക്കാൾ അലിവുള്ളവരാണ് കേട്ടോ?

(കേശവനുണ്ണിത്താൻ ചിന്താപരവശനായി മൌനം ഭജിച്ചിരിക്കുന്നു)

ലേഡീഡാക്ടർ:-ഉച്ചയ്ക്ക് ഊണു കഴിച്ചില്ലേ?

കേശവനുണ്ണി:-ഹോട്ടലിൽനിന്ന് ഊണു കഴിച്ചു. ഒരു നേരമേ ഊണൊള്ളു. ഒരു രൂപാ കൊടുക്കണം ഒരു നേരത്തെ ഊണിന്. പിന്നെ രണ്ടുനേരത്തെ കാപ്പിയും

മററു ചെലവുകൾക്കും കൂടെ ഒരു രൂപയേ ഉള്ളു. ഇതില ധികം ക്ലേശിക്കാനില്ല ഒരു പുരുഷൻ.

ലേഡീഡാക്ടർ:-(ആർദ്രതയോടെ കേശവനുണ്ണിത്താനെ നോക്കുന്നു.) വരണം അകത്തേയ്ക്കു്. നമുക്കു കാപ്പികഴിക്കാം.

(രണ്ടുപേരും മറ്റൊരു മുറിയിലേക്കുപോയിരിക്കുന്നു. ലേഡീഡാക്ടർ മേശമണിയിൽ ഒന്നമർത്തുന്നു. ഒരു പരിചാരിക പ്രവേശിക്കുന്നു.)

ലേഡീഡാക്ടർ:-ഞങ്ങൾക്കുരണ്ടുപേക്കും കാപ്പികൊണ്ടുവരൂ വേഗം.

(വിസ്മയം, ഭീതി, രൌദ്രം, സന്തോഷം എന്നീ വികാരങ്ങൾ മാറിമാറി അവളുടെമുഖത്തു സ്ഫുരിക്കുന്നു. അവൾ പോയി കാപ്പിയും പലഹാരങ്ങളും കൊണ്ടുവന്നു് മേശപ്പുറത്തു നിരത്തുന്നു. ഉണ്ണിത്താനെത്തന്നെ നോക്കുന്നു. അയാൾ അവളെ ഗൌനിക്കുന്നില്ല.)

ലേഡീഡാക്ടർ:-എന്നാൽ ആവട്ടെ.

(കേശവനുണ്ണിത്താനും ലേഡീഡാക്ടരും കാപ്പി കുടിക്കുന്നു. അതിനിടയ്ക്കു് കേശവനുണ്ണിത്താൻെറ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു്)

ലേഡീഡാക്ടർ:-ആകട്ടെ, അങ്ങയുടെ പഴയ ഭാര്യമാരിൽ ആരെയെങ്കിലും അന്വേഷിച്ചുകൊണ്ടുവന്നാൽ ജീവിതസൗഖ്യം കിട്ടുമെന്നു് ആശയുണ്ടോ?

കേശവനുണ്ണി:-ആ പാറുക്കുട്ടിയെ വിവാഹം കഴിച്ചപ്പോൾ അതു തീരെ കുഞ്ഞായിരുന്നു. അന്നു ഞാൻ ചെറുപ്പത്തിൻെറ വിശേഷംകൊണ്ടു് വഴിതെററി നടന്നു. അവൾക്കു് പ്രായംവന്നപ്പോൾ എൻെറകൂടെ താമസിക്കാൻ ആശിച്ചു. ഞാനവളെ തീരെ നിരാകരിച്ചു; മററുവിധം ജീവിച്ചു.

ലേഡീഡാക്ടർ:-കാര്യം ഒക്കെ ഞാനും ഏറെക്കുറെ

മനസ്സിലാക്കികഴിഞ്ഞു ഇതിനകം. ആ പാട്ടുകാരിപ്പെണ്ണി യാ തീരെ നശിപ്പിച്ചതു് അല്ലേ?

കേശവനുണ്ണി:-ഇനി അതൊക്കെ ചിന്തിക്കുന്നതേ വിഷമം. പുണ്ണിൽ കൊള്ളിവയ്ക്കുന്നതുപോലെതന്നെ.

ലേഡീഡാക്ടർ:- ആകട്ടെ. ഖേദിക്കേണ്ട. എന്നാൽ കഴിവതൊക്കെ ചെയ്യാം.

(കേശവനുണ്ണിത്താൻ വിനീതനായി പ്രസന്നത നടിക്കുന്നു.)

കേശവനുണ്ണി:- ഈ എളിയ സോദരൻ എന്നും നന്ദിയുള്ളവനായിരിക്കും.

ലേഡീഡാക്ടർ:-പാറുക്കുട്ടിയുടെ ചേട്ടൻ! അല്ലേ?

(കേശവനുണ്ണിത്താൻ ലേഡീഡാക്ടരുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കുന്നു.)

ലേഡീഡാക്ടർ:-വലിയൊരു സിനിമയോ നാടകമോ ആടികഴിഞ്ഞു. ഈ ജീവിതം വലിയൊരു നാടകത്തിനോ സിനിമയ്ക്കോ ഒപ്പമാ കേട്ടോ. എന്തായാലും ഇവിടെ വച്ചു കണ്ടുകൂടിയതു രണ്ടുപേരുടേയും ഭാഗ്യം. പഴയ പാറുക്കുട്ടിതന്നെയാ ഇതു്. വിശ്വസിച്ചുകൊള്ളൂ. ആ പങ്കിയും മററാരുമല്ലായിരുന്നു. അങ്ങയെ നല്ലതിൻവണ്ണം ഒന്നു പരീക്ഷിക്കാൻ ആ വേഷത്തിൽ അങ്ങനെ ഒന്നു വന്നു് താമസിച്ചതാ ഒരു വെക്കേഷൻ കാലത്തു്. ഇനിയുള്ള ജീവിതകാലം ആക്ഷേപത്തിന്നു് ഇടയാകാതെ എൻെറ കൂടെ കഴിച്ചുകൂട്ടിക്കൊള്ളണം.

(കേശവനുണ്ണിത്താൻ വിസ്മയാവേശിതനായി ഇരിക്കുന്നു.)

ലേഡീഡാക്ടർ:- മനോരാജ്യം വേണ്ട. സന്തോഷത്തോടെ ഇരിക്കു. ഉന്മേഷമായിരിക്കു. സർവ്വസ്വത്തും പോയാലും ഈ മെഡിക്കൽഡിഗ്രിയുടെ തണലിൽ നമുക്കു സുഖമായി ജീവിക്കാം.

കേശവനുണ്ണി:- എൻെറ സർവ്വാപരാധങ്ങളും ക്ഷമിക്കണം. അങ്ങനെയൊക്കെ സംഭവിച്ചുപോയി.

ലേഡീഡാക്ടർ:-അങ്ങ് വീണ്ടും എൻെറ അടുക്കൽ വന്നല്ലൊ. അതുതന്നെ വലിയ ഭാഗ്യം. ഇനി എന്താ വേണ്ടതു്. നാട്ടിലേയ്ക്കു പോകയല്ലേ?

കേശവനുണ്ണി:-അവിടെ പോയി എങ്ങനെ ജീവിക്കും ഞാൻ. മാനക്കേടല്ലേ?

ലേഡീഡാക്ടർ:-വിഷമിക്കേണ്ട. അങ്ങയുടെ പക്കൽനിന്ന് പാട്ടുകാരി പങ്കിയായി ഞാൻ കൈക്കലാക്കിയ പണം മുഴുവൻ സൂക്ഷിച്ചുവച്ചിരുന്നു. അതെല്ലാം ആ ബാങ്കിൽ അടച്ചു കടം മുഴുവൻ തീർത്തു വസ്തുക്കൾ മുഴുവൻ അങ്ങയുടെ പേരിൽ തന്നെ തിരികെ എഴുതിപ്പിടിച്ചുകഴിഞ്ഞു. വിലയാധാരം എൻെറ പക്കലുണ്ടു്. എനിക്ക് നേരത്തെ ഇഷ്ടദാനം എഴുതിയിട്ടുള്ളതു് ഒന്നും പോയിട്ടില്ല. വർദ്ധിച്ചിട്ടേയുള്ളു. ഡിഗ്രി എടുത്ത ഉടൻ ഞാൻ വീട്ടിൽ ചെന്ന് അച്ഛനേയും അമ്മയേയും കണ്ടു് അനുഗ്രഹം വാങ്ങി വസ്തുതയെല്ലാം അവരോടു പറഞ്ഞു. അങ്ങ് എവിടെയെന്നറിയാതെ അവർ ദുഃഖിച്ചിരിക്കുകയാണു്.

കേശവനുണ്ണി:- (ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടു്) എൻെറ തങ്കത്തിനെ മേലും ഈശ്വരൻ അനുഗ്രഹിക്കും.

ലേഡീഡാക്ടർ:-ഈ അനുഗ്രഹം എന്നും കിട്ടത്തക്കവിധമേ ഞാൻ ജീവിച്ചിട്ടുള്ളു. വിശ്വസിച്ചുകൊള്ളണം. വീട്ടിലെ അനുവാദപ്രകാരമാണു് ഈ ഉദ്യോഗത്തിനു പോന്നതു്. അങ്ങയെ അന്വേഷിക്കാൻ ഒരു പററിയ മാർഗ്ഗം ഇതെന്നും കരുതി, ഇവിടെ വന്ന അടുത്ത ദിവസം

തന്നെ അങ്ങയെ കണ്ടു. എങ്കിലും സൌകര്യമായ ഒരു ദിവസം കാത്തിരിക്കുകയായിരുന്നു ഈ രഹസ്യങ്ങൾ വെളിപ്പെടുത്താൻ.

കേശവനുണ്ണി:-തങ്കത്തിനെ കണ്ടതുമുതൽ എനിക്ക് മുഖസാദൃശ്യം തോന്നിയതാണ്. എങ്കിലും എങ്ങനെയാ ചോദിക്കുക. പുറത്തുപറയുക. അങ്ങനെ മൂന്നു ദിവസം കഴിഞ്ഞു.

ലേഡീഡാക്ടർ:-ഇവിടെ കാപ്പി കൊണ്ടുവന്ന സ്ത്രീ ആരാണെന്നു മനസ്സിലായില്ലേ?

കേശവനുണ്ണി:-ആരാ അത്?

ലേഡീഡാക്ടർ:- നമ്മുടെ ആനന്ദം അവരല്ലേ? അമ്മ അവരെക്കൂടെ എനിക്കു തുണയായി വിട്ടതാ!

കേശവനുണ്ണി:-അയ്യോ! ഞാനവളെ കണ്ടിട്ട് അറിഞ്ഞില്ലല്ലൊ.

ലേഡീഡാക്ടർ:-അങ്ങനെ സംഭവിക്കുന്നത് അത്ഭുതമല്ല. മനുഷ്യനു സങ്കടവും മനോവ്യഥയും വർദ്ധിച്ചാൽ കണ്ണുകളുടെ ശക്തിയിൽ ക്ഷയമുണ്ടാകാറുണ്ട്.

കേശവനുണ്ണി:-ആനന്ദം, നമ്മുടെ—അല്ല പങ്കിയുടെയും—

ലേഡീഡാക്ടർ:-അക്കഥയും ഞാൻ കേട്ടു. അച്ഛനു വൈരാഗ്യം തോന്നിയ നിമിഷത്തിൽ അങ്ങനെ ഒരബദ്ധം കാണിച്ചു. അതു ക്ഷന്തവ്യം. അക്കേസ്സും പിൻവലിച്ചിട്ടാ കൊണ്ടുപോന്നത്.

കേശവനുണ്ണി:-അതും നന്നായി, ആ പങ്കി മററാരുമല്ലായിരുന്നല്ലൊ. അതാണെനിക്കു വലിയ ആശ്വാസം.

ലേഡീഡാക്ടർ:- (ഹൃദയാവർജ്ജകമായ മന്ദഹാസത്തോടെ) ആകട്ടെ. അന്നത്തെജീവിതം എങ്ങനെതോന്നി?

കേശവനുണ്ണി:-(മന്ദഹാസപ്രസന്നമുഖനായിട്ട്) എൻെറ ജീവിതത്തിൽ അത്ര ആനന്ദപ്രദമായ ദിവസങ്ങൾ മുൻപൊരിക്കലും ഉണ്ടായിട്ടില്ല. പങ്കിയെ കാണാതായപ്പോൾ ഒരു ഭ്രാന്തൻെറ മട്ടിലായിപ്പോയി.

ലേഡീഡാക്ടർ:-(ചിരിച്ചുകൊണ്ട്) ഏതായാലും പങ്കിയേയും കണ്ടുപിടിച്ചല്ലോ ഇപ്പോൾ. ഇനി അങ്ങനെ ജീവിക്കാം നമുക്ക്.

കേശവനുണ്ണി:-എന്താ ഇനിയത്തെ പ്രോഗ്രാം?

ലേഡീഡാക്ടർ:- ഈ സംഗതികളൊന്നും ഇവിടെ വെളിപ്പെടുത്തേണ്ട. ഇവിടത്തെ ദേശസ്ഥിതി പിടിക്കുന്നില്ലെന്നു പറഞ്ഞു് ഉദ്യോഗം രാജികൊടുത്തുകളയാം ഇപ്പോൾത്തന്നെ. നാളെ രാവിലത്തെ ട്രെയിനിനു നമുക്ക് നാട്ടിലേയ്ക്കു മടങ്ങണം.

കേശവനുണ്ണി:- ഞാനും രാജികൊടുത്തേക്കാം. ഒരു മെഡിക്കൽസർട്ടിഫിക്കേററ് ഇപ്പോഴേ എഴുതിത്തന്നേക്കണം. ജോലിയിൽ തുടൎന്നാൽ ആരോഗ്യം അപകടത്തിലാകുമെന്നു്.


ലേഡീഡാക്ടർ:-അങ്ങനെതന്നെ. ഈശ്വരൻ നമ്മെ അനുഗ്രഹിച്ചു. മേലും അങ്ങനെതന്നെ ഭവിക്കും.

(കർട്ടൻ)

AR SHARADA DARAKUZHI

★

JAWAHAR SMARAKA GRANDHA SALA
REG. NO: 3273
VENGANOOR P.O.
KIDARAKUZHY



Indic Digital Archive Foundation
gpura.org